# PART I

## CHAPTER 1 രാഷ്ട്ര നിർമാണത്തിലെ വെല്ലുവിളികൾ

1, 'വിധിയുമായുള്ള കൂടിക്കാഴ്ച' എന്ന പ്രസംഗം നടത്തിയതാര്? ജവഹർലാൽ നെഹ്റു

2, ഭരണഘടനാ നിർമ്മാണ സമിതി ഇന്ത്യൻ ഭരണഘടന അംഗീകരിച്ച വർഷം? 1949 നവംബർ 26

3, ഇന്ത്യൻ ഭരണഘടന പ്രാബല്യത്തിൽ വന്ന വർഷം? 1950 ജനുവരി 26

4, സ്വതന്ത്ര ഇന്ത്യയുടെ ആദ്യത്തെ പ്രധാനമന്ത്രി ആര്? ജവഹർലാൽ നെഹ്റു

5, സ്വതന്ത്ര ഇന്ത്യ നേരിട്ട വെല്ലുവിളികൾ എന്തെല്ലാം?

(a) രാഷ്ട്രനിർമ്മാണം. രാഷ്ട്രനിർമാണത്തിലെ വെല്ലുവിളികൾ താഴെ പറയുന്നു.

- ഇന്ത്യയിലെ വ്യത്യസ്ത സംസ്കാരങ്ങളെയും, മതങ്ങളെയും, ജാതികളെയും, വിശ്വാസങ്ങളെയും, ഭാഷകളെയും ഏകോപിപ്പിക്കുകയും, ദേശീയതയ രൂപപ്പെടുത്തുകയും ചെയ്യുക.
- ഇന്ത്യ പാകിസ്ഥാൻ വിഭജനത്തെ തുടർന്നുണ്ടായ വർഗീയ ലഹളകളും, കുടിയേറ്റങ്ങളും.
- നാട്ടുരാജ്യങ്ങളെ ഇന്ത്യൻ യൂണിയനിൽ ലയിപ്പിക്കുക.
- ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങളുടെ രൂപീകരണം.

(b) ജനാധിപത്യം സ്ഥാപിക്കുക- പ്രായപൂർത്തി വോട്ടവകാശത്തിന്റെ അടിസ്ഥാനത്തിൽ ഇന്ത്യയിലാകമാനം തിരഞ്ഞെടുപ്പു നടത്തുക.

(c) എല്ലാ ജനങ്ങളുടെയും ക്ഷേമം ഉറപ്പാക്കുക- അസമത്വങ്ങൾ, നിരക്ഷരത, തൊഴിലില്ലായ്മ, ദാരിദ്ര്യം എന്നിവ സർവ്വസാധാരണമായിരുന്നു. ആയതിനാൽ സാമ്പത്തിക വികസനത്തിനും, ദാരിദ്ര്യനിർമാർജനത്തിനും ഫലപ്രദമായ നയങ്ങൾ രൂപീകരിക്കുകയും, നടപ്പിലാക്കുകയും ചെയ്യുക.

6, ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിലെ എല്ലാവരാലും അംഗീകരിക്കപ്പെട്ട രണ്ടു ലക്ഷ്യങ്ങൾ ഏതെല്ലാമായിരുന്നു?

- ജനാധിപത്യ ഭരണക്രമം സ്ഥാപിക്കുക.
- എല്ലാ വിഭാഗം ജനങ്ങളുടെയും ക്ഷേമം, പ്രത്യേകിച്ച് പിന്നോക്ക വിഭാഗങ്ങളുടെ.

7, ഇന്ത്യ പാക്കിസ്ഥാൻ വിഭജനത്തിലേക്ക് നയിച്ച സിദ്ധാന്തമേത്? ദ്വിരാഷ്ട്ര സിദ്ധാന്തം

8, ദ്വിരാഷ്ട്ര സിദ്ധാന്തത്തിന്റെ വ്യക്താവായിരുന്ന മുസ്ലിംലീഗ് നേതാവ്? മുഹമ്മദലി ജിന്ന

9, ദ്വിരാഷ്ട്ര സിദ്ധാന്തം മുന്നോട്ടു വച്ച പ്രസ്ഥാനം? മുസ്ലിം ലീഗ്

10. ഇന്ത്യാവിഭജനത്തെ എതിർത്ത മുസ്ലിം ഭൂരിപക്ഷ പ്രദേശമായിരുന്നു.

വടക്കു-പടിഞ്ഞാറൻ അതിർത്തി പ്രവിശ്യ.

11, ഇന്ത്യാവിഭജനത്തെ എതിർത്ത വടക്കു-പടിഞ്ഞാറൻ അതിർത്തി പ്രദേശത്തെ നേതാവാരായിരുന്നു?

ഖാൻ അബ്ദുൽ ഗാഫർ ഖാൻ

12, 'അതിർത്തി ഗാന്ധി' എന്ന പേരിലറിയപ്പെടുന്നതാര്? ഖാൻ അബ്ദുൽ ഗാഫർ ഖാൻ

13, ഇന്ത്യാ പാകിസ്ഥാൻ വിഭജനം നടപ്പിലാക്കുമ്പോൾ അഭിമുഖീകരിക്കേണ്ടിവന്ന പ്രധാനപ്പെട്ട പ്രശ്നങ്ങൾ ഏതെല്ലാം?

- മുസ്ലിം ഭൂരിപക്ഷമുള്ള പ്രദേശങ്ങൾ ഇന്ത്യയുടെ പടിഞ്ഞാറുഭാഗത്തും, കിഴക്കുഭാഗത്തുമായി കേന്ദ്രീകരിച്ചിരുന്നത്.
- ചില മുസ്ലിം ഭൂരിപക്ഷ പ്രദേശങ്ങൾ പാകിസ്ഥാനിൽ ചേരാൻ വിസമ്മതിച്ചു.
- മുസ്ലിം ഭൂരിപക്ഷ പ്രവശ്യകളായ പഞ്ചാബിലും, ബംഗാളിലും ഹിന്ദുക്കൾ ഭൂരിപക്ഷമായ പ്രദേശങ്ങളും ഉൾപ്പെട്ടിരുന്നു.
- ന്യൂനപക്ഷങ്ങൾ നിരവധി അക്രമങ്ങൾക്ക് വിധേയരായി.
- ന്യൂനപക്ഷങ്ങൾ കൂട്ടത്തോടെ പാലായനം ചെയ്യേണ്ടി വന്നു.

14, ഇന്ത്യ സ്വതന്ത്രമാകുമ്പോൾ എത്ര നാട്ടുരാജ്യങ്ങളാണ് ഉണ്ടായിരുന്നത്? 565

15, നാട്ടുരാജ്യങ്ങളെ ഇന്ത്യൻ യൂണിയനിൽ ചേർക്കുന്നതിന് പ്രധാന പങ്കു വഹിച്ചതാര്? സർദാർ വല്ലഭായി പട്ടേൽ

16, ഇന്ത്യയുടെ ആദ്യത്തെ ഉപപ്രധാനമന്ത്രിയും, ആഭ്യന്തരമന്ത്രിയുമായിരുന്നു വ്യക്തി? സർദാർ വല്ലഭായ് പട്ടേൽ

17, മിക്കവാറും നാട്ടുരാജ്യങ്ങൾ ഇന്ത്യൻ യൂണിയനിൽ ചേർന്നത് ഏത് കരാർ പ്രകാരമായിരുന്നു?

ലയന കരാർ

18, ഇന്ത്യൻ യൂണിയനിൽ ചേർന്നതിന് വിസമ്മതിച്ച നാട്ടുരാജ്യങ്ങൾ ഏതെല്ലാം?

തിരുവിതാംകൂർ, ജുനഗഡ്, ഹൈദരാബാദ്, കാശ്മീർ, മണിപ്പൂർ.

19, ഹൈദരാബാദ് ഇന്ത്യൻ യൂണിയനിൽ ചേർക്കപ്പെടുവാനുണ്ടായ സാഹചര്യം വിവരിക്കുക?

ഇന്ത്യൻ ഭൂപ്രദേശത്തെ ഒരു നാട്ടുരാജ്യമായിരുന്നു ഹൈദരാബാദ്. ഹൈദരാബാദിലെ നിസ്സാം ഇന്ത്യൻ യൂണിയനിലോ, പാകിസ്ഥാനിലോ ചേരാതെ സ്വതന്ത്രമായി നിൽക്കാൻ തീരുമാനമെടുത്തു. എന്നാൽ ഹൈദരാബാദിലെ ജനങ്ങൾ നിസാമിന്റെ ദുർഭരണത്തിനെതിരെ കലാപമാരംഭിച്ചു. കലാപത്തെ അടിച്ചമർത്താനായി നിസാം 'റസാക്കർ' എന്ന അർത്ഥ സൈന്യത്തെ ഉപയോഗിച്ചു. ഇവർ നടത്തിയ ക്രൂരതകളും, കൊലപാതകങ്ങളും, കൊള്ളയും കേന്ദ്ര സൈന്യത്തെ വിന്യസിക്കുന്നതിലേക്ക് വഴിതെളിച്ചു. 1948 സെപ്റ്റംബറിൽ ഇന്ത്യൻ സൈന്യം നിസാമിന്റെ സൈന്യത്തെ പരാജയപ്പെടുത്തുകയും, നിസാം കീഴടങ്ങുകയും ചെയ്തു. ഇപ്രകാരം ഹൈദരാബാദ് ഇന്ത്യയുടെ ഭാഗമായിത്തീർന്നു.

20, മണിപ്പൂർ ഇന്ത്യയുടെ ഭാഗമായി തീർന്നതെങ്ങനെയെന്ന് വിശദമാക്കുക?

മണിപ്പൂരിലെ മഹാരാജാവായിരുന്ന ബോധചന്ദ്ര സിംഗ് ഇന്ത്യയുമായി ലയന കരാറിൽ ഒപ്പിടുകയും, രാജവായി തുടരുകയും ചെയ്തു. എന്നാൽ ജനകീയ സമ്മർദ്ദത്തെ തുടർന്ന് 1948 ൽ തിരഞ്ഞെടുപ്പ് നടത്തുവാൻ മഹാരാജാവ് തീരുമാനിച്ചു. ലെജിസ്ലേറ്റീവ് അസംബ്ലിയിൽ മണിപ്പൂർ ഇന്ത്യൻ യൂണിയനിൽ ലയിക്കുന്നതുമായി ബന്ധപ്പെട്ട് അഭിപ്രായ വ്യത്യാസങ്ങളുണ്ടായി. സ്റ്റേറ്റ് കോൺഗ്രസ് മണിപ്പൂർ ഇന്ത്യൻ യൂണിയനിൽ ചേരണമെനന്നു വാദിച്ചപ്പോൾ, മറ്റു രാഷ്ട്രീയ കക്ഷികൾ ഇതിനെ ശക്തമായി എതിർത്തു. എന്നാൽ 1949 ൽ മഹാരാജ ബോധചന്ദ്ര സിംഗ് ലെജിസ്ലേറ്റീവ് അസംബ്ലിയുടെ അഭിപ്രായമാരായാതെ കേന്ദ്രസർക്കാരുമായി കൂടിയാലോചിച്ച് ഇന്ത്യൻ യൂണിയനിൽ ചേരുന്നതായി പ്രഖ്യാപിച്ചു.

21, ഇന്ത്യയിൽ ആദ്യമായി പ്രായപൂർത്തി വോട്ടവകാശത്തിന്റെ അടിസ്ഥാനത്തിൽ തിരഞ്ഞെടുപ്പ് നടന്ന പ്രദേശം ഏത്? മണിപ്പൂർ

22, ആദ്യമായി ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ രൂപീകരിക്കണമെന്ന ആവശ്യം മുന്നോട്ടു വെച്ച കോൺഗ്രസ് സമ്മേളനം ഏത്? നാഗ്പൂർ സമ്മേളനം (1920)

23, 1956 ലെ സംസ്ഥാന പുനസംഘടനാ നിയമത്തിലേക്ക് വഴിതെളിച്ച സാഹചര്യങ്ങൾ വിശദമാക്കുക?

സ്വാതന്ത്ര്യനന്തരം ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ രൂപീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നിരവധി പ്രക്ഷോഭങ്ങൾ ആരംഭിച്ചു. തെലുങ്ക് സംസാരിക്കുന്നവർക്കായി ആന്ധ്ര സംസ്ഥാനം രൂപീകരിക്കണമെന്ന ആവശ്യം മുന്നോട്ട് വെച്ചുകൊണ്ട് വിശാല ആന്ധ്ര മൂവ്മെന്റ് പ്രക്ഷോഭമാരംഭിച്ചു. ഇതിനായി നിരാഹാരമനുഷ്ഠിച്ച പോറ്റി ശ്രീരാമലുവിന്റെ മരണം പ്രക്ഷോഭം ആളിക്കത്തിച്ചു. തുടർന്ന് 1952 ആന്ധ്രാ സംസ്ഥാനം രൂപീകരിക്കുന്നതായി ഇന്ത്യൻ പ്രധാനമന്ത്രി പ്രഖ്യാപിച്ചു. ഈ പ്രഖ്യാപനം മറ്റു പ്രദേശങ്ങളിലും ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ രൂപീകരണമെന്നയാവശ്യം ശക്തമാക്കി. തുടർന്ന് കേന്ദ്ര ഗവൺമെന്റ് 1953 ഫസൽ അലി ചെയർമാനായുള്ള സംസ്ഥാന പുനസംഘടന കമ്മീഷനെ നിയമിച്ചു. സംസ്ഥാന പുനഃസംഘടന കമ്മീഷന്റെ റിപ്പോർട്ട് ഭാഷാടിസ്ഥാനത്തിലുള്ള സംസ്ഥാനങ്ങളുടെ രൂപീകരണത്തിന് അനുകൂലമായിരുന്നു. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 1956-ൽ സംസ്ഥാന പുനസംഘടനാ നിയമം പാസാക്കി. ഈ നിയമപപ്രകാരം 1956-ൽ 14 സംസ്ഥാനങ്ങളും 6 കേന്ദ്രഭരണപ്രദേശങ്ങളും നിലവിൽവന്നു.

24, ആന്ധ്ര സംസ്ഥാനം രൂപീകരിക്കണമെന്നയാവശ്യവുമായി നിരാഹാരമനുഷ്ടിച്ചു മരണമടഞ്ഞ വ്യക്തി ആര്? പോറ്റി ശ്രീരാമലു

25, ഭാഷാടിസ്ഥാനത്തിൽ രൂപം കൊണ്ട ആദ്യ സംസ്ഥാനം ഏത്? ആന്ധ്ര സംസ്ഥാനം (1953)

26, ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ രൂപീകരിക്കണമെന്ന് നിർദ്ദേശിച്ച കമ്മീഷൻ ഏത്?

സംസ്ഥാന പുനസംഘടനകമ്മീഷൻ

27, സംസ്ഥാന പുനസംഘടന കമ്മീഷന്റെ തലവൻ ആരായിരുന്നു? ഫസൽ ആലി

28, സംസ്ഥാന പുനസംഘടന കമ്മീഷനെ നിയോഗിച്ചത് എന്ന്? 1953

29, സംസ്ഥാന പുനസംഘടനാ നിയമം പാസാക്കിയ വർഷം? 1956

30, സംസ്ഥാന പുനസംഘടനാ നിയമപ്രകാരം 14 സംസ്ഥാനങ്ങളും 6 കേന്ദ്രഭരണപ്രദേശങ്ങളും നിലവിൽ വന്ന വർഷം ഏത്? 1956

31, ഇന്ത്യയിലെ ആദ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ആര്? സുകുമാർ സെൻ

32. ഇന്ത്യയിൽ ആദ്യത്തെ പൊതു തിരഞ്ഞെടുപ്പ് പൂർത്തിയായ വർഷം? 1952

## CHAPTER -2 ഏക കക്ഷി മേധാവിത്ത കാലഘട്ടം

1. എന്തുകൊണ്ടാണ് 1952 ലെ ഇന്ത്യൻ പൊതു തിരഞ്ഞെടുപ്പ് ലോക ജനാധിപത്യ ചരിത്രത്തിലെ ഒരു നാഴികക്കല്ലായി അറിയപ്പെടുന്നത്?

ഇന്ത്യ പോലുള്ള ഒരു ബൃഹത്തായ രാജ്യത്ത് സ്വതന്ത്രവും, നിഷ്പക്ഷവുമായ തെരഞ്ഞെടുപ്പ് അസാധ്യമാണെന്ന് പലരും വാദിച്ചു. ഭൂരിപക്ഷം സമ്മതിദായകരും നിരക്ഷരരും, ദരിദ്രരുമായിരുന്നു. ആ കാലഘട്ടത്തിൽ ജനാധിപത്യം നിലനിന്നിരുന്നത് ചില സമ്പന്നരാജ്യങ്ങളിൽ മാത്രമായിരുന്നു. യൂറോപ്പിലെ തന്നെ മിക്ക രാജ്യങ്ങളിലും സ്ത്രീകൾക്ക് വോട്ടവകാശവും നൽകിയിരുന്നില്ല. ഈ സാഹചര്യത്തിലാണ് ഇന്ത്യയിയിൽ സാർവത്രിക പ്രായപൂർത്തി വോട്ടവകാശത്തിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുപ്പ് വിജയകരമായി പൂർത്തിയാക്കിയത്.

2. ഇന്ത്യയിൽ തിരഞ്ഞെടുപ്പ് കമ്മീഷൻ നിലവിൽ വന്നതെന്ന്? 1950, ജനുവരി 25

3. ഇന്ത്യയിലെ ആദ്യത്തെ തിരഞ്ഞെടുപ്പ് കമ്മീഷണർ ആര്? സുകുമാർ സെൻ

4. ഇന്ത്യയിൽ സ്വീകരിച്ചിരിക്കുന്ന തെരഞ്ഞെടുപ്പ് സമ്പ്രദായം ഏത്? കേവല ഭൂരിപക്ഷ സമ്പ്രദായം

5. ആദ്യ കാല പൊതു തെരഞ്ഞെടുപ്പുകളിൽ കോൺഗ്രസ് പാർട്ടിയുടെ അസാധാരണ വിജയത്തിന്റെ കാരണങ്ങൾ എന്തെല്ലാം?

- ദേശീയ പ്രസ്ഥാനത്തിന്റെ പൈതൃകമുള്ള പാർട്ടിയായിരുന്നു കോൺഗ്രസ്.
- സ്വാതന്ത്ര്യ സമരത്തിന്റെ മുന്നണി പോരാളികളിൽ പലരും കോൺഗ്രസ് സ്ഥാനാർഥികളായി തെരഞ്ഞെടുപ്പിൽ മത്സരിച്ചു.
- കോൺഗ്രസ് വളരെ മുന്നേ സുസംഘടിതമായ ഒരു രാഷ്ട്രീയ പ്രസ്ഥാനം ആയിരുന്നു.
- കോൺഗ്രസ് എല്ലാ വിഭാഗം ജനങ്ങളെയും, ഉൾക്കൊള്ളുന്ന പ്രസ്ഥാനമായിരുന്നു.
- ജവഹർലാൽ നെഹ്റുവിന്റെ വ്യക്തിപ്രഭാവവും, ജനകീയതയും

6. 1952 ലെ ലോക സഭാ തിരഞ്ഞെടുപ്പിൽ കോൺഗ്രസ് എത്ര സീറ്റുകൾ കരസ്ഥമാക്കി? 364

7. 1952 മുതൽ 1967 വരെയുള്ള കോൺഗ്രസ് വിജയത്തിന്റെ വ്യാപ്തി കൃത്രിമമായി പെരുപ്പിച്ചുകാട്ടിയതാണെന്ന് പറയാനുള്ള കാരണമെന്ത്?

കേവല ഭൂരിപക്ഷ സമ്പ്രദായമനുസരിച്ച് ഏറ്റവും കൂടുതൽ വോട്ട് ലഭിക്കുന്ന വ്യക്തി വിജയിച്ചതായി പ്രഖ്യാപിക്കുന്നു. 1952ലെ തിരഞ്ഞെടുപ്പിൽ കോൺഗ്രസിന് 74 ശതമാനം സീറ്റുകൾ ലഭിച്ചെങ്കിലും, മൊത്തം വോട്ടിന്റെ 45 ശതമാനം മാത്രമേ കോൺഗ്രസിന് ലഭ്യമായിട്ടുള്ളൂ. വിവിധ രാഷ്ട്രീയ കക്ഷികൾക്കിടയിൽ വോട്ടുകൾ വിഭജിക്കപ്പെട്ടതു കൊണ്ടാണ് കോൺഗ്രസിന് ഉയർന്ന വിജയം നേടാനായത്.

8. സ്വാതന്ത്ര്യത്തിനു ശേഷമുള്ള ആദ്യ ദശകങ്ങളിലെ രാഷ്ട്രീയത്തെ 'കോൺഗ്രസ് വ്യവസ്ഥ' എന്ന് വിശേഷിപ്പിക്കപ്പെടുന്നത് എന്തുകൊണ്ട്?

കോൺഗ്രസിനുള്ളിൽ തന്നെ വ്യത്യസ്ത ആശയങ്ങളും, താല്പര്യങ്ങളും, പ്രത്യയശാസ്ത്രങ്ങളും പിന്തുടരുന്ന വിഭാഗങ്ങളുണ്ടായിരുന്നു. ഇവർ പാർട്ടിയിൽ നിന്നും പുറത്തു പോകാതെ പാർട്ടിക്കുള്ളിൽ തന്നെ തുടർന്നു. ആയതിനാൽ മറ്റു രാഷ്ട്രീയ കക്ഷികൾ ഒരിക്കലും കോൺഗ്രസിന് ബദലായിരുന്നില്ല. കോൺഗ്രസിനുള്ളിലെ ഗ്രൂപ്പുകൾ കോൺഗ്രസിനെ വിമർശിക്കുകയും ചെയ്തിരുന്നു. ഈ അർത്ഥത്തിൽ സ്വതന്ത്രത്തിന്റെ ആദ്യദശകങ്ങളിൽ കോൺഗ്രസ് ഭരണകക്ഷിയായും, പ്രതിപക്ഷമായും പ്രവർത്തിച്ചു. അതിനാലാണ് ഈ കാലഘട്ടത്തെ 'കോൺഗ്രസ് വ്യവസ്ഥ' എന്ന് വിശേഷിപ്പിക്കപ്പെടുന്നത്.

9. ഏകകക്ഷി മേധാവിത്വ വ്യവസ്ഥ ഇന്ത്യൻ രാഷ്ട്രീയത്തിന്റെ ജനാധിപത്യ സ്വഭാവത്തെ പ്രതികൂലമായി ബാധിച്ചിരുന്നോ?

ഇല്ല. കാരണം കോൺഗ്രസ് വ്യത്യസ്ത പ്രത്യയശാസ്ത്രങ്ങളും, താൽപര്യങ്ങളും, വൈവിധ്യങ്ങളും ഉൾക്കൊള്ളുന്ന രാഷ്ട്രീയ പ്രസ്ഥാനമായിരുന്നു. മാത്രമല്ല സ്വതന്ത്രവും, നീതിപൂർവ്വകവുമായ തിരഞ്ഞെടുപ്പിലൂടെയാണ് കോൺഗ്രസ് തിരഞ്ഞെടുപ്പിൽ വിജയിച്ചിരുന്നത്.

10. എന്ത് അർത്ഥത്തിലാണ് കോൺഗ്രസ് ഒരു പ്രത്യയശാസ്ത്രപരമായ മുന്നണി ആകുന്നത്? കോൺഗ്രസിനുള്ളിലെ വിവിധ ആശയ ധാരകൾ എന്തെല്ലാം?

കോൺഗ്രസ് വിവിധ ഗ്രൂപ്പുകളെയും, താൽപര്യങ്ങളെയും, രാഷ്ട്രീയ പ്രത്യയശാസ്ത്രങ്ങളെയും വിഭാഗങ്ങളെയും ഒന്നിച്ചു നിർത്തി. കോൺഗ്രസ് വിവിധ ജാതി, മത, ഭാഷ, വർഗ്ഗ താൽപര്യങ്ങളെ പ്രതിനിധാനം ചെയ്യുന്ന ഒരു സാമൂഹ്യ മുന്നണിയായിരുന്നു. വിവിധ ഗ്രൂപ്പുകൾ തങ്ങളുടെ സ്വത്വത്തെ കോൺഗ്രസിനുള്ളിൽ ലയിപ്പിച്ചു. ഇത് വിപ്ലവകാരിയെയും,

സമാധാന വാദിയേയും, യാഥാസ്ഥിതികനേയും, സമൂലപരിവർത്തകനെയും, ഇടതുപക്ഷത്തെയും, വലതുപക്ഷത്തെയും ഉൾക്കൊണ്ടു. നിഈ അർത്ഥത്തിലാണ് കോൺഗ്രസ് ഒരു പ്രത്യയശാസ്ത്ര മുന്നണിയാണെന്നു പറയുന്നത്.

11. വിമതവിഭാഗങ്ങൾ എന്നാൽ എന്ത്? ഒരു രാഷ്ട്രീയ പാർട്ടിക്കുള്ളിൽ വ്യത്യസ്ത അഭിപ്രായങ്ങൾ വെച്ചുപുലർത്തുന്ന ഗ്രൂപ്പുകളാണ് വിമതവിഭാഗങ്ങളെന്നു പറയുന്നത്.

12. 1920-കളിൽ ഇന്ത്യയിൽ കമ്മ്യൂണിസ്റ്റ് ഗ്രൂപ്പുകൾ രൂപീകരിക്കുന്നതിന് വഴിതെളിച്ച സംഭവം?

റഷ്യയിലെ ബോൾഷെവിക് വിപ്ലവം

13. കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യയുടെ പ്രധാന നേതാക്കന്മാർ ആരെല്ലാമായിരുന്നു? എ. കെ ഗോപാലൻ, എസ്. എ ഡാങ്കെ, ഇ. എം. എസ് നമ്പൂതിരിപ്പാട്, പി. സി ജോഷി, അജയ്ഘോഷ്, പി സുന്ദരയ്യ

14. 1952 ലെ പൊതു തിരഞ്ഞെടുപ്പിൽ ഏറ്റവും കൂടുതൽ സീറ്റുകൾ കരസ്ഥമാക്കിയ രണ്ടാമത്തെ രാഷ്ട്രീയകക്ഷി ഏത്? കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ

15. 1952 ലെ ലോകസഭ തിരഞ്ഞെടുപ്പിൽ കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യക്ക് എത്ര സീറ്റുകൾ ലഭ്യമായി? 16

16. ലോകത്തിലാദ്യമായി ജനാധിപത്യ തിരഞ്ഞെടുപ്പിലൂടെ നിലവിൽ വന്ന കമ്മ്യൂണിസ്റ്റ് ഗവൺമെന്റ് എവിടാണ്? കേരളം

17. കേരളത്തിലെ ആദ്യത്തെ മുഖ്യമന്ത്രി ആര്? ഇഎംഎസ് നമ്പൂതിരിപ്പാട്

18. കേരളത്തിലെ ആദ്യ കമ്മ്യൂണിസ്റ്റ് മന്ത്രിസഭയെ പുറത്താക്കുന്നതിനു വഴിതെളിച്ച സമരം?

വിമോചന സമരം

19. 1964 ൽ കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ പിളർപ്പുണ്ടായതിനു കാരണം?

ചൈനയും, സോവിയറ്റ് യൂണിയനും തമ്മിലുള്ള പ്രത്യയശാസ്ത്ര ഭിന്നതയാണ് 1964 ൽ കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യയിൽ പിളർപ്പ് ഉണ്ടാക്കിയത്. സോവിയറ്റ് യൂണിയൻ അനുകൂല വിഭാഗം സി. പി. ഐ ആയി തുടരുകയും, എതിരാളികൾ സി.പി. ഐ (എം) രൂപീകരിക്കുകയും ചെയ്തു.

20. കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യയിൽ പിളർപ്പ് ഉണ്ടായ വർഷം? 1964

21. സ്വതന്ത്ര ഇന്ത്യയിലെ ആദ്യ വിദ്യാഭ്യാസ മന്ത്രി? മൗലാനാ അബ്ദുൽ കലാം ആസാദ്

22. കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടി രൂപം കൊണ്ട വർഷം? 1934

23. കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടിയുടെ ഏറ്റവും മുഖ്യമായ പ്രത്യയശാസ്ത്രമേത്?

ജനാധിപത്യ സോഷ്യലിസം

24. കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടിയുടെ ആദ്യത്തെ പ്രസിഡന്റ് ആരായിരുന്നു? ആചാര്യ നരേന്ദ്ര ദേവ്

25. കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടിയുടെ പ്രധാനപ്പെട്ട നേതാക്കന്മാർ ആരെല്ലാം?

റാം മനോഹർ ലോഹിയ, അശോക മേത്ത, ആചാര്യ നരേന്ദ്ര ദേവ്, ജയപ്രകാശ് നാരായണൻ

26. കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടി 1948 കോൺഗ്രസ് വിട്ട് സോഷ്യലിസ്റ്റ് പാർട്ടി രൂപീകരിച്ചതെന്തിന്?

കോൺഗ്രസ് പാർട്ടിക്കുള്ളിലെ ഇരട്ട അംഗത്വം തടയുന്നതിനായി 1948 ൽ കോൺഗ്രസ് അതിന്റെ ഭരണഘടന ഭേദഗതി ചെയ്തു. ഇത് 1948 ൽ സോഷ്യലിസ്റ്റ് പാർട്ടിയുടെ രൂപീകരണത്തിന് വഴിതെളിച്ചു.

27. ഹിന്ദു കോഡ് ബില്ലുമായുള്ള അഭിപ്രായവ്യത്യാസത്തെ തുടർന്ന് നെഹ്റു മന്ത്രിസഭയിൽ നിന്ന് 1951 രാജി സമർപ്പിച്ചതാര്? ഡോ. ബി. ആർ അംബേദ്കർ

28. 1936 ൽ സ്വതന്ത്ര ലേബർ പാർട്ടി രൂപീകരിച്ചതാര്? ഡോ. ബി. ആർ അംബേദ്കർ

29. 1942 പട്ടികജാതി ഫെഡറേഷൻ സ്ഥാപിച്ചതാര്? ഡോ. ബി. ആർ അംബേദ്കർ

30. ഇന്ത്യ-പാകിസ്ഥാൻ വിഷയത്തിന്റെ പേരിൽ 1950 നെഹ്റു മന്ത്രിസഭയിൽ നിന്ന് രാജിവച്ച മന്ത്രി?

ശ്യാമപ്രസാദ് മുഖർജി

31. ഭാരതീയ ജനസംഘത്തിന്റെ സ്ഥാപക പ്രസിഡന്റ്? ശ്യാമപ്രസാദ് മുഖർജി

32. ഭാരതീയ ജനസംഘം രൂപീകരിച്ചവർഷം? 1951

33. ഭാരതീയ ജനസംഘത്തിന്റെ പ്രത്യയശാസ്ത്രം മറ്റ് രാഷ്ട്രീയ പാർട്ടികളിൽ നിന്ന് എങ്ങനെ വ്യത്യസ്തമായിരിക്കുന്നു?

ഭാരതീയ ജനസംഘത്തിന്റെ അടിസ്ഥാന ആശയങ്ങൾ താഴെ പറയുന്നു

- ഒരു രാജ്യം, ഒരു സംസ്കാരം, ഒരു ദേശം എന്ന ആശയത്തിന് ഊന്നൽ നൽകുന്നു.
- ഇന്ത്യൻസംസ്കാരത്തിന്റെയും, പാരമ്പര്യത്തിന്റെയും അടിസ്ഥാനത്തിലുള്ള രാജ്യപുരോഗതി.
- 'അഖണ്ഡഭാരതം' എന്ന ആശയത്തിലൂടെ ഇന്ത്യയും, പാകിസ്ഥാനും പുനരേകീകരിക്കുക.
- ഹിന്ദി ഇന്ത്യയുടെ ഔദ്യോഗികഭാഷയാക്കുക.
- മത-സാംസ്കാരിക ന്യൂനപക്ഷങ്ങൾക്കുള്ള ആനുകൂല്യങ്ങൾ നിർത്തലാക്കുക.
- ഇന്ത്യ ആണവായുധങ്ങൾ വികസിപ്പിക്കണം.

34. ഭാരതീയ ജനസംഘത്തിന്റെ നേതാക്കന്മാർ ആരെല്ലാമായിരുന്നു? ശ്യാമപ്രസാദ് മുഖർജി, ദീൻ ദയാൽ ഉപാധ്യായ, ബാൽരാജ് മധോക്ക്

35. സമഗ്ര മാനവവാദത്തിന്റെ വ്യക്താവാരായിരുന്നു? ദീൻ ദയാൽ ഉപാധ്യായ

36. ഭാരതീയ ജനതാ പാർട്ടിയുടെ ആവിർഭാവം ഏതു രാഷ്ട്രീയ പാർട്ടിയിൽ നിന്നാണ്? ഭാരതീയ ജനസംഘം

37. സ്വതന്ത്ര പാർട്ടി രൂപീകരിച്ചത് ആര്? സി. രാജഗോപാലാചാരി (1959)

38. സാമ്പത്തിക വിഷയങ്ങളിൽ സ്വതന്ത്ര പാർട്ടിയുടെ നിലപാട് മറ്റ് രാഷ്ട്രീയ പാർട്ടികളിൽ നിന്ന് എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു?

കോൺഗ്രസിന്റെ നാഗ്പൂർ പ്രമേയമാണ് കോൺഗ്രസിലെ ഒരു വിഭാഗം സി. രാജഗോപാലാചാരിയുടെ നേതൃത്വത്തിൽ 1959 ൽ സ്വതന്ത്ര പാർട്ടി രൂപീകരിക്കുന്നതിനു വഴി തെളിച്ചത്. സമ്പദ് വ്യവസ്ഥയിലുള്ള രാഷ്ട്രത്തിന്റെ ഇടപെടൽ, കേന്ദ്രീകൃത ആസൂത്രണം, ദേശസാൽക്കരണം, ലൈസൻസ് നയം, പൊതുമേഖല എന്നിവയെ സ്വതന്ത്ര പാർട്ടി വിമർശിച്ചു. വ്യക്തിസ്വാതന്ത്ര്യത്തിൽ നിന്നു മാത്രമേ അഭിവൃദ്ധിയുണ്ടാവുകയുള്ളൂവെന്ന് സ്വതന്ത്ര പാർട്ടി വിശ്വസിക്കുന്നു. സ്വതന്ത്ര സ്വകാര്യ മേഖലയുടെ വ്യാപനത്തിനായി ഇവർ നിലകൊണ്ടു.

39. സ്വതന്ത്ര പാർട്ടിയെ മുന്നോട്ട് നയിക്കുന്ന പ്രധാന പ്രത്യയശാസ്ത്രം ഏത്?

രാഷ്ട്ര നിയന്ത്രണ മുക്തമായ സമ്പദ്ഘടന

40. സ്വതന്ത്ര ഇന്ത്യയുടെ ഇന്ത്യക്കാരനായ ആദ്യ ഗവർണർ ജനറൽ? സി. രാജഗോപാലാചാരി

41. ഇന്ത്യയിലെ ആദ്യ ഭാരതരത്ന പുരസ്കാര ജേതാവ്? സി. രാജഗോപാലാചാരി

42. ഇന്ത്യയിൽ മാറിവരുന്ന വോട്ടിംഗ് രീതികളെ കുറിച്ച് വിവരിക്കുക?

ആദ്യത്തെ തിരഞ്ഞെടുപ്പുകളിൽ ഓരോ സ്ഥാനാർഥിക്കും അവരുടെ ചിഹ്നം പതിച്ച ഓരോ ബാലറ്റു പെട്ടി ഓരോ പോളിംഗ് ബൂത്തിലും സ്ഥാപിച്ചു. ഓരോ വോട്ടർക്കും ഒരു ശൂന്യമായ ബാലറ്റ് പേപ്പർ നൽകുകയും വോട്ട് ചെയ്യാൻ ആഗ്രഹിക്കുന്ന സ്ഥാനാർത്ഥിയുടെ പെട്ടിയിൽ അത് നിക്ഷേപിക്കുകയും വേണം. ആദ്യ രണ്ട് തെരഞ്ഞെടുപ്പുകൾക്ക് ശേഷം ഈ സമ്പ്രദായം മാറ്റി. എല്ലാ സ്ഥാനാർഥികളുടെയും പേര്, ചിഹ്നം എന്നിവയടങ്ങുന്ന ബാലറ്റ് പേപ്പർ വോട്ടർക്ക് നൽകുകയും, വോട്ട് രേഖപ്പെടുത്താൻ ആഗ്രഹിക്കുന്ന സ്ഥാനാർത്ഥിയുടെ പേരിനു മുമ്പിൽ സമ്മതിദായകൻ സീൽ പതിപ്പിക്കുകയും ബാലറ്റു പെട്ടിയിൽ നിക്ഷേപിക്കുകയും ചെയ്യുന്നു. 2004 ലോടു കൂടി രാജ്യം മുഴുവനും ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രത്തിലേക്ക് മാറി.

## CHAPTER - 4 ഇന്ത്യയുടെ വിദേശ ബന്ധങ്ങൾ

1. ഇന്ത്യൻ ഭരണഘടനയുടെ ഏത് ആർട്ടിക്കിളാണ് അന്തർദേശീയ സമാധാനവും, സുരക്ഷിതത്വവും പരിപോഷിപ്പിക്കുന്നത്? ആർട്ടിക്കിൾ 51

2. ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 51 ന്റെ സവിശേഷതകളെന്തെല്ലാം?

- അന്തർദേശീയ സമാധാനവും, സുരക്ഷിതത്വവും പരിപോഷിപ്പിക്കുക.
- രാഷ്ട്രങ്ങൾക്കിടയിൽ നീതിയുക്തവും, അന്തസ്സുറ്റതുമായ ബന്ധങ്ങൾ നിലനിർത്തുക.
- അന്തർദേശീയ നിയമങ്ങളെയും, വ്യവസ്ഥകളെയും ബഹുമാനിക്കുക.
- അന്തർദേശീയ തർക്കങ്ങൾ മധ്യസ്ഥ തീരുമാനത്തിലൂടെ പരിഹരിക്കുന്നതിന് പ്രേരിപ്പിക്കുക.

3. സ്വതന്ത്ര ഇന്ത്യയുടെ ആദ്യത്തെ വിദേശകാര്യ മന്ത്രിയാര്? ജവഹർലാൽ നെഹ്റു

4. നെഹ്റുവിന്റെ വിദേശ നയത്തിന്റെ പ്രധാനപ്പെട്ട മൂന്നു ലക്ഷ്യങ്ങളെതെല്ലാം?

- രാഷ്ട്രത്തിന്റെ പരമാധികാരം നിലനിർത്തുക.
- ഭൂമിശാസ്ത്രപരമായ അഖണ്ഡത സംരക്ഷിക്കുക.
- ദ്രുതഗതിയിലുള്ള സാമ്പത്തിക വികസനത്തെ പ്രോത്സാഹിപ്പിക്കുക.

5. ഇന്ത്യ എന്തുകൊണ്ടാണ് ചേരിചേരാനയം സ്വീകരിച്ചത്?

മറ്റു രാഷ്ട്രങ്ങളുടെ പരമാധികാരത്തെ ബഹുമാനിക്കുകയും, സമാധാനപരമായ മാർഗ്ഗങ്ങളിലൂടെ രാഷ്ട്ര സുരക്ഷ ഉറപ്പാക്കുകയുമായിരുന്നു ഇന്ത്യയുടെ വിദേശ ബന്ധത്തിന്റെ പ്രധാന ലക്ഷ്യം. ആയതിനാൽ അമേരിക്കയുടെയും, സോവിയറ്റ് യൂണിയനെയും നേതൃത്വത്തിലുള്ള ശാക്തിക ചേരികളിൽ നിന്നു വിട്ടു നിൽക്കുവാൻ ഇന്ത്യ തീരുമാനിച്ചു. പരസ്പരം എതിർക്കുന്ന ഇവരുടെ സൈനിക സഖ്യങ്ങളിൽ നിന്നും ഇന്ത്യ അകലം പാലിക്കുകയും, ചേരിചേരാ നയമാണ് മാതൃകാ വിദേശനയ സമീപനമെന്നു പ്രഖ്യാപിക്കുകയും ചെയ്തു. അതേസമയം രണ്ട് ശാക്തിക ചേരികളിലുമുള്ള അംഗങ്ങളിൽനിന്ന് സഹായവും, പിന്തുണയും ഇന്ത്യയ്ക്ക് ഉറപ്പാക്കുവാനും സാധിച്ചു.

6. ചേരിചേരാ പ്രസ്ഥാനത്തിന്റെ രൂപീകരണത്തിന് വഴിതെളിച്ച സമ്മേളനം?

ബന്ദുങ് സമ്മേളനം (ഇന്തോനേഷ്യ) 1955

7. ചേരിചേരാ പ്രസ്ഥാനത്തിന്റെ ആദ്യ സമ്മേളനം എവിടെയായിരുന്നു? ബൽഗ്രേഡ് (1961)

8.ചേരിചേരാ പ്രസ്ഥാനത്തിന്റെ രൂപീകരണത്തിന് പങ്കുവഹിച്ച ഇന്ത്യൻ പ്രധാനമന്ത്രിയാര്?

ജവഹർലാൽ നെഹ്റു

9. എന്താണ് പഞ്ചശീല തത്വങ്ങൾ?

ഇന്ത്യൻ പ്രധാനമന്ത്രിയായിരുന്ന ജവഹർലാൽ നെഹ്റുവും, ചൈനീസ് പ്രീമിയറായിരുന്ന ചൗ എൻലായും 1954-ൽ സംയുക്തമായി പ്രഖ്യാപിച്ച അഞ്ച് തത്വങ്ങളാണ് പഞ്ചശീല തത്വങ്ങൾ. ഇന്ത്യയും ചൈനയും തമ്മിലുള്ള സമാധാനപരമായ സഹവർത്തിത്വത്തിനുള്ള തത്വങ്ങളായിരുന്നിവ.

10. 1956-ൽ ചൈനീസ് പ്രീമിയർ ആയിരുന്ന ചൗ എൻലായ് ഇന്ത്യ സന്ദർശിച്ചപ്പോൾ അദ്ദേഹത്തെ അനുഗമിച്ച ടിബറ്റിന്റെ ആത്മീയ നേതാവാരായിരുന്നു? ദലൈലാമ

11. ഇന്ത്യയിൽ അഭയം പ്രാപിച്ച ടിബറ്റിന്റെ ആത്മീയ നേതാവാര്? ദലൈലാമ

12. ഇന്ത്യയിലെ ഏറ്റവും വലിയ ടിബറ്റൻ അഭയാർത്ഥി കേന്ദ്രം ഏത്? ധർമ്മശാല

13. ഇന്ത്യയിലെവിടെയാണ് ദലൈലാമ താമസമുറപ്പിച്ചത്? ഹിമാചൽ പ്രദേശിലെ ധർമ്മശാല

14. 1962 ലെ ഇന്ത്യാ-ചൈന യുദ്ധത്തിലേക്ക് വഴിതെളിച്ച സാഹചര്യം വിവരിക്കുക?

1950-ൽ ചൈന ടിബറ്റ് കീഴടക്കുകയും, ടിബറ്റൻ സംസ്കാരത്തെ അടിച്ചമർത്താൻ ശ്രമിക്കുകയും ചെയ്തു. ഇന്ത്യ ഇതിൽ അസംതൃപ്തി രേഖപ്പെടുത്തുകയും, ടിബറ്റൻ ആത്മീയ നേതാവായ ദലൈലാമക്ക് 1959-ൽ രാഷ്ട്രീയാഭയം നൽകുകയും ചെയ്തു. ഇന്ത്യ ചൈന വിരുദ്ധ പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനം നൽകുകയാണെന്ന് ചൈന ആരോപിച്ചു. ജമ്മു-കാശ്മീരിലെ അക്സായി ചിൻ പ്രദേശത്തിന്റെയും, അരുണാചൽപ്രദേശിലെ ചില പ്രദേശങ്ങളുടെയും മേൽ ചൈന അവകാശവാദമുന്നയിച്ചു. 1962, ഒക്ടോബർ മാസത്തിൽ ഈ രണ്ട് തർക്ക പ്രദേശങ്ങളിലും ചൈന അധിനിവേശം നടത്തുകയും, അരുണാചൽപ്രദേശിലെ ചില പ്രദേശങ്ങൾ കൈവശപ്പെടുത്തുകയും ചെയ്തു. ഇതാണ് ഇന്ത്യ- ചൈന യുദ്ധത്തിലേക്ക് വഴിതെളിച്ചത്.

15. 1962-ലെ ഇന്ത്യ-ചൈന യുദ്ധം ഇന്ത്യൻ രാഷ്ട്രീയത്തിലുണ്ടാക്കിയ പ്രത്യാഘാതങ്ങൾ എന്തെല്ലാം?

- ഇന്ത്യയിൽ ദേശീയത ശക്തിപ്പെട്ടു.
- കരസേനയിലെ ഉയർന്ന ചില ഉദ്യോഗസ്ഥർ രാജിവെച്ചു.
- പ്രതിരോധ മന്ത്രിയായിരുന്ന വി. കെ കൃഷ്ണമേനോൻ രാജിവെച്ചു.
- നെഹ്റുവിന്റെ വിദേശനയം വിമർശിക്കപ്പെട്ടു.
- നെഹ്റു മന്ത്രിസഭക്കെതിരെ അവിശ്വാസം ലോകസഭയിൽ അവതരിപ്പിച്ചു.

- ചില ഉപതെരഞ്ഞെടുപ്പുകളിൽ കോൺഗ്രസ് പരാജയം നേരിട്ടു.
- രാജ്യത്തിന്റെ രാഷ്ട്രീയ മനോഭാവത്തിൽ മാറ്റം വന്നു.
- കമ്മ്യൂണിസ്റ്റ് പാർട്ടിക്കുള്ളിൽ പിളർപ്പ് ഉണ്ടായി.
- വടക്കു കിഴക്കൻ മേഖലകളുടെ പുനസംഘടനാ പ്രക്രിയ ആരംഭിച്ചു.

16 നെഹ്റുവിനു ശേഷം ചൈന സന്ദർശിച്ച ഇന്ത്യൻ പ്രധാനമന്ത്രിയാര്? രാജീവ് ഗാന്ധി

17. ഇന്ത്യ ചൈന യുദ്ധത്തിൽ തുടർന്ന് മന്ത്രിസഭയിൽ നിന്ന് പുറത്തുപോകേണ്ടിവന്ന പ്രതിരോധ മന്ത്രിയാര്? വി കെ കൃഷ്ണമേനോൻ

18. കമ്മ്യൂണിസ്റ്റ് പാർട്ടിയിലുണ്ടായ പിളർപ്പിനെക്കുറിച്ച് വിവരിക്കുക?

ഇന്ത്യ- ചൈന യുദ്ധം കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പിളർപ്പിലേക്ക് വഴിതെളിച്ചു. കമ്മ്യൂണിസ്റ്റ് പാർട്ടിക്കുള്ളിലെ സോവിയറ്റ് അനുകൂല വിഭാഗം, കോൺഗ്രസുമായി അടുത്ത ബന്ധം സ്ഥാപിച്ചു. എന്നാൽ കമ്മ്യൂണിസ്റ്റ് പാർട്ടിക്കുള്ളിലെ ഒരു വിഭാഗം ചൈനയുമായി അടുപ്പം പുലർത്തുകയും, കോൺഗ്രസ്സിനെ എതിർക്കുകയും ചെയ്തു. ഇതിനെ തുടർന്ന് 1964-ൽ പാർട്ടി പിളരുകയും, ചൈനയുമായി അടുപ്പം പുലർത്തിയ നേതാക്കൾ കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ (മാർക്സിസ്റ്റ്) (സി.പി. ഐ (എം)) എന്ന പാർട്ടി രൂപീകരിച്ചു. സോവിയറ്റ് അനുകൂല വിഭാഗം സി.പി. ഐ ആയി തന്നെ തുടർന്നു.

19. 1965-ലെ ഇന്ത്യ-പാകിസ്ഥാൻ യുദ്ധത്തിലേക്ക് വഴിതെളിച്ച സാഹചര്യങ്ങളെന്തെല്ലാം?

സ്വാതന്ത്ര്യത്തിനുശേഷം കാശ്മീർ വിഷയത്തിൽ ഇന്ത്യയും, പാകിസ്ഥാനും തമ്മിൽ സംഘർഷം നിലനിന്നിരുന്നു. 1965-ൽ പാക്കിസ്ഥാൻ ഗുജറാത്തിലെ റാൻ ഓഫ് കച്ച് മേഖലയിൽ ആക്രമണം നടത്തി. തുടർന്ന് ജമ്മു-കാശ്മീർ മേഖലയിലും പാക്കിസ്ഥാൻ വ്യാപക ആക്രമണം അഴിച്ചുവിട്ടു. എന്നാൽ ഈ സൈനിക ആക്രമണങ്ങൾക്ക് പ്രാദേശിക ജനതയുടെ പിന്തുണ ലഭ്യമായില്ല. തുടർന്ന് ഇന്ത്യൻ പ്രധാനമന്ത്രി ലാൽ ബഹദൂർ ശാസ്ത്രി പ്രത്യാക്രമണം നടത്താൻ ഇന്ത്യൻ സൈന്യത്തിന് ഉത്തരവ് നൽകി. ഈ യുദ്ധത്തിൽ ഇന്ത്യൻ സൈന്യം ലാഹോറിനു സമീപം വരെ എത്തുകയുണ്ടായി. ഐക്യരാഷ്ട്രസഭയുടെ ഇടപെടലോടുകൂടിയാണ് യുദ്ധം അവസാനിക്കുന്നത്.

20. 1965-ലെ ഇന്ത്യ-പാകിസ്താൻ യുദ്ധം അവസാനിച്ചത് ഏത് കരാർ പ്രകാരമാണ്? താഷ്ക്കന്റ് കരാർ

21. എന്താണ് താഷ്ക്കന്റ് കരാർ?

1965-ലെ ഇന്ത്യ-പാകിസ്താൻ യുദ്ധത്തെ തുടർന്നുണ്ടാക്കിയ കരാറാണ് താഷ്ക്കന്റ് കരാർ. 1966-ൽ ഇന്ത്യൻ പ്രധാനമന്ത്രിയായിരുന്ന ലാൽ ബഹദൂർ ശാസ്ത്രിയും, പാകിസ്ഥാൻ ജനറൽ അയൂബ് ഖാനുമാണ് ഇതിൽ ഒപ്പുവച്ചത്. ഇതിന് മധ്യസ്ഥത വഹിച്ചത് സോവിയറ്റ് യൂണിയനായിരുന്നു.

22.1971-ലെ ബംഗ്ലാദേശ് യുദ്ധത്തെക്കുറിച്ച് വിവരിക്കുക. or

23. 1971-ലെ ഇന്ത്യ പാകിസ്ഥാൻ യുദ്ധത്തെക്കുറിച്ച് വിവരിക്കുക

1970-ലെ പൊതുതിരഞ്ഞെടുപ്പിൽ സുൽഫിക്കർ അലി ഭൂട്ടോയുടെ നേതൃത്വത്തിലുള്ള പാർട്ടി പടിഞ്ഞാറൻ പാകിസ്ഥാനിൽ ഭൂരിപക്ഷം നേടി. എന്നാൽ ഷെയ്ഖ് മുജീബുർ റഹ്മാന്റെ നേതൃത്വത്തിലുള്ള അവാമി ലീഗാണ് കിഴക്കൻ പാകിസ്താനിൽ ഭൂരിപക്ഷം നേടിയത്. പടിഞ്ഞാറൻ പാകിസ്ഥാനിൽ നിന്നുള്ള ഭരണാധികാരികൾ കിഴക്കൻ പാകിസ്ഥാനിലെ ജനങ്ങളെ രണ്ടാംതരം പൗരന്മാരായാണ് പരിഗണിച്ചത്. ഇതാണ് അവാമി ലീഗിനെ വിജയിപ്പിച്ചത്. എന്നാൽ പടിഞ്ഞാറൻ പാകിസ്ഥാൻ ഈ വിധിയെ അംഗീകരിച്ചില്ല. 1971- ൽ പാക്കിസ്ഥാൻ സൈന്യം ഷേക്ക് മുജീബ് റഹ്മാനെ അറസ്റ്റ് ചെയ്യുകയും, കിഴക്കൻ പാകിസ്താനിൽ ഭീകര ഭരണം അഴിച്ചുവിടുകയും ചെയ്തു. തുടർന്ന് ബംഗ്ലാദേശിനെ പാകിസ്ഥാനിൽ നിന്ന് മോചിപ്പിക്കുന്നതിനുള്ള പോരാട്ടം ജനങ്ങൾ ആരംഭിച്ചു. കിഴക്കൻ പാകിസ്താനിൽ നിന്നുള്ള അഭയാർഥികളെ ഇന്ത്യ സ്വീകരിച്ചതും, ബംഗ്ലാദേശിന്റെ സ്വാതന്ത്ര സമരത്തിന് ഇന്ത്യ പിന്തുണ നൽകിയതും 1971-ലെ ഇന്ത്യ- പാകിസ്ഥാൻ യുദ്ധത്തിലേക്ക് വഴിതെളിച്ചു. ഇന്ത്യൻ സൈന്യം പാക്കിസ്ഥാൻ സൈന്യത്തെ പരാജയപ്പെടുത്തി. ബംഗ്ലാദേശ് ഒരു സ്വതന്ത്ര രാഷ്ട്രമായി മാറി.

24.എന്താണ് സിംലാ കരാർ?

1971 ലെ ഇന്ത്യ-പാകിസ്ഥാൻ യുദ്ധത്തെത്തുടർന്ന്, ഇന്ത്യൻ പ്രധാനമന്ത്രിയായിരുന്ന ഇന്ദിരാ ഗാന്ധിയും, പാക്കിസ്ഥാൻ പ്രസിഡന്റായിരുന്ന സുൽഫിക്കർ അലി ഭൂട്ടോയും കൂടി 1972, ജൂലൈ 3- ന് ഒപ്പുവച്ച കരാർ ആണിത്. ഈ കരാർ പ്രകാരം ഇന്ത്യയും, പാകിസ്ഥാനും തമ്മിൽ ഔപചാരികമായി സമാധാനം പുനസ്ഥാപിക്കപ്പെട്ടു.

25. എന്താണ് കാർഗിൽ യുദ്ധം?

1999-ൽ നിയന്ത്രണ രേഖയുടെ ഇന്ത്യൻ ഭാഗത്തുള്ള മാഷ്കോ. ദ്രാസ്, കാക്സർ. ബട്ടാലിക് എന്നീ പ്രദേശങ്ങൾ പാക്കിസ്ഥാൻ സൈന്യത്തിന്റെ സഹായത്തോടെ മുജാഹിദീനുകൾ കൈവശപ്പെടുത്തി. ഇതിനെതിരെ ഇന്ത്യൻ സേന പ്രതികരിച്ചത്, ഇന്ത്യയും പാകിസ്ഥാനും തമ്മിലുള്ള ഏറ്റുമുട്ടലിലേക്ക് വഴിതെളിച്ചു. ഇതാണ് 1999 ലെ കാർഗിൽ സംഘർഷം

എന്നറിയപ്പെടുന്നത്. നഷ്ടപ്പെട്ട നിരവധി പ്രദേശങ്ങൾ ഇന്ത്യൻ സേന തിരിച്ചുപിടിച്ചു.

26. ഇന്ത്യയുടെ ആണവ നയത്തെ കുറിച്ച് വിവരിക്കുക.

- വ്യവസായവൽക്കരണത്തിന്റെ ഒരു ഘടകമായി ആണവോർജ്ജത്തെ കണക്കാക്കുന്നു.
- സമാധാന പരമായ ആവശ്യങ്ങൾക്ക് ആണവോർജ്ജം ഉപയോഗിക്കുക.
- ഇന്ത്യ സമഗ്ര ആണവ നിരായുധീകരണത്തിനായി നിലകൊള്ളുന്നു
- ആണവനിർവ്യാപന കരാർ വിവേചനപരമായതിനാൽ ഇന്ത്യ ഒപ്പുവെക്കാൻ വിസമ്മതിച്ചു.
- ഇന്ത്യ അണുവായുധം ആദ്യം പ്രയോഗിക്കില്ല.

27. ഇന്ത്യ ആദ്യത്തെ ആണവ വിസ്ഫോടനം നടത്തിയത് എന്ന്? 1974, മെയ്

28. സ്വാതന്ത്ര്യത്തിന് അനിവാര്യമായ ഒരു സൂചകമാണ് വിദേശ നയത്തിന്റെ നടത്തിപ്പെന്നു നെഹ്റു കരുതുന്നത് എന്തുകൊണ്ട്? നിങ്ങളുടെ ഉത്തരത്തിന് പിൻബലമായി രണ്ട് കാരണങ്ങൾ ഉദാഹരണസഹിതം സമർഥിക്കുക.

ലോകമഹായുദ്ധത്തിന്റെ പശ്ചാത്തലത്തിലാണ് ഇന്ത്യയുൾപ്പെടെയുള്ള നിരവധി രാജ്യങ്ങൾ കോളനിവൽക്കരണത്തിൽ നിന്നും മോചനം നേടിയത്. ഈ രാഷ്ട്രങ്ങൾ ക്ഷേമം, ജനാധിപത്യം എന്നീ രണ്ടു വെല്ലുവിളികൾ നേരിടുന്നതിനുള്ള ശ്രമങ്ങളിലായിരുന്നു. ആയതിനാൽ മറ്റെല്ലാ രാജ്യങ്ങളുടെയും പരമാധികാരത്തെ ബഹുമാനിക്കുകയും, സമാധാനം നിലനിർത്തി സുരക്ഷിതത്വം നേടുകയെന്നതായിരുന്നു ഇന്ത്യയുടെ വിദേശ ബന്ധത്തിന്റെ പ്രധാനലക്ഷ്യം. ഇതിന് ഉദാഹരണങ്ങൾ താഴെ പറയുന്നു

- ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 51 അന്തർദേശീയ സമാധാനവും, സുരക്ഷിതത്വവും പരിപോഷിപ്പിക്കുവാൻ ആവശ്യപ്പെടുന്നു.
- ഇന്ത്യയുടെ ചേരിചേരാനയം

29. ഇന്ത്യയുടെ വിദേശ നയത്തിൽ നിങ്ങൾ നിലനിർത്താൻ ആഗ്രഹിക്കുന്ന രണ്ട് കാഴ്ചപ്പാടുകളും നിങ്ങൾ മാറ്റാൻ ആഗ്രഹിക്കുന്ന രണ്ടെണ്ണവും കണ്ടെത്തുക?

നിലനിർത്തേണ്ടവ താഴെപ്പറയുന്നു

- മറ്റു രാജ്യങ്ങളുടെ പരമാധികാരത്തെ ബഹുമാനിക്കുകയും, സമാധാനം നിലനിർത്തി സുരക്ഷിതത്വം നേടുന്നതിനുള്ള തീരുമാനം.
- സൈനിക ചേരികളുടെ ഭാഗമാകാതെയുള്ള ചേരിചേരാനയം.

മാറ്റപ്പെടേണ്ടവ താഴെപ്പറയുന്നു.

- 1990 കൾക്ക് ശേഷമുള്ള അമേരിക്കൻ അനുകൂല വിദേശനയം.
- അതിർത്തി സംഘർഷങ്ങൾ നിലനിൽക്കുന്ന സാഹചര്യത്തിൽ സൈനിക താല്പര്യങ്ങളെക്കാൾ, സാമ്പത്തിക താത്പര്യങ്ങൾക്ക് പ്രാധാന്യം നൽകികൊണ്ടുള്ള വിദേശനയം.

30.ഇന്ത്യൻ ആണവ സിദ്ധാന്തത്തിനന്റെ അടിസ്ഥാനതത്വം ഏതാണ്?

ആണവായുധം ആദ്യം പ്രയോഗിക്കില്ല

31. എന്തുകൊണ്ടാണ് ഇന്ത്യ ആണവ നിർവ്യാപന കരാറിലും (NPT), ആണവ പരീക്ഷണ നിരോധന ഉടമ്പടിയിലും (CTBT) ഒപ്പുവെക്കാൻ വിസമ്മതിക്കുന്നത്?

ആണവ നിർവ്യാപന കരാർ വിവേചനപരമാണെന്നും, അവ ആണവേതര ശക്തികൾക്ക് മാത്രം ബാധകമാകുന്നതും, അഞ്ച് ആണവശക്തികളുടെ ആണവായുധ കുത്തകയെ നിയമസാധുതയുള്ളതാക്കുന്നതുമാണ്. അതുകൊണ്ടാണ് 1995-ൽ ആണവ നിർവ്യാപന കരാർ (NPT) അനിശ്ചിതമായി ദീർഘിപ്പിക്കുന്നതിനെ ഇന്ത്യ എതിർത്തതും, സമഗ്ര ആണവ പരീക്ഷണ നിരോധന ഉടമ്പടി (CTBT) ഒപ്പു വയ്ക്കാൻ വിസമ്മതിച്ചതും.

## CHAPTER - 6 ജനാധിപത്യ ക്രമത്തിന്റെ പ്രതിസന്ധി

1. 1971 ലെ തിരഞ്ഞെടുപ്പിൽ കോൺഗ്രസ് ഉയർത്തിയ മുദ്രാവാക്യം ഏത്? ഗരീബി ഹഠാവോ (ദാരിദ്ര്യ നിർമ്മാർജ്ജനം)

2.1970- കളിൽ ഇന്ത്യ നേരിട്ട സാമ്പത്തിക പ്രതിസന്ധികൾ എന്തെല്ലാമായിരുന്നു?

- 8 ദശലക്ഷത്തോളം ജനങ്ങളാണ് കിഴക്കൻ പാകിസ്ഥാനിൽ (ബംഗ്ലാദേശ്) നിന്നും ഇന്ത്യയിലേക്ക് വന്നത്.
- ഇന്ത്യയും പാകിസ്ഥാനും തമ്മിൽ 1971-ൽ നടന്ന യുദ്ധവും, യുദ്ധത്തിനുശേഷം ഇന്ത്യയ്ക്കുള്ള എല്ലാ സഹായവും അമേരിക്ക നിർത്തിവച്ചതും.
- അന്താരാഷ്ട്ര കമ്പോളത്തിൽ എണ്ണ വില വർദ്ധിച്ചത് എല്ലാവിധ സാധനങ്ങളുടെയും വിലവർധനവിന് കാരണമായി.
- പണപ്പെരുപ്പം ജനങ്ങളുടെ ജീവിതം ദുരിതപൂർണ്ണം ആക്കി.
- വ്യാവസായിക വളർച്ച കുറവും, തൊഴിലില്ലായ്മയും വർദ്ധിച്ചു.
- 1972-73 കാലഘട്ടത്തിൽ കാലവർഷം പരാജയപ്പെട്ടത് കാർഷിക ഉൽപാദനത്തിൽ വലിയ ഇടിവുണ്ടാക്കി.

3. 1974-ൽ ഗുജറാത്തിലെ വിദ്യാർത്ഥികൾ പ്രക്ഷോഭം ആരംഭിച്ചതെന്തുകൊണ്ട്?

ഭക്ഷ്യസാധനങ്ങൾ, ഭക്ഷ്യഎണ്ണ, ആവശ്യ സാധനങ്ങൾ എന്നിവയുടെ വിലക്കയറ്റവും, ഉന്നതസ്ഥാനങ്ങളിൽ അഴിമതിയുമായിരുന്നു കാരണങ്ങൾ.

4. 1974-ൽ ബീഹാറിലെ വിദ്യാർത്ഥികൾ പ്രക്ഷോഭം ആരംഭിച്ചതെന്തുകൊണ്ട്?

വിലക്കയറ്റത്തിനും, ഭക്ഷ്യദൗർലഭ്യത്തിനും, തൊഴിലില്ലായ്മയ്ക്കും, അഴിമതിക്കുമെതിരെയായിരുന്നു പ്രക്ഷോഭം ആരംഭിച്ചത്. ഈ പ്രക്ഷോഭം നയിച്ചത് ജയപ്രകാശ് നാരായൺ ആയിരുന്നു.

5. നക്സലൈറ്റ് പ്രസ്ഥാനം എന്നാൽ എന്ത്?

1967-ൽ പശ്ചിമ ബംഗാളിലെ ഡാർജിലിങ് ജില്ലയിലെ നക്സൽബാരി പോലീസ് സ്റ്റേഷൻ പരിധിയിൽ ഒരു കർഷക പ്രക്ഷോഭം ആരംഭിച്ചു. കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ (മാർക്സിസ്റ്റ്) ന്റെ പ്രാദേശിക പ്രവർത്തകരായിരുന്നു ഇത് സംഘടിപ്പിച്ചത്. ഈ പ്രക്ഷോഭം ഇന്ത്യയുടെ നിരവധി സംസ്ഥാനങ്ങളിലേക്ക് വ്യാപിക്കുകയും നക്സൽബാരി പ്രസ്ഥാനം എന്നറിയപ്പെടുകയും ചെയ്തു. 1969 അവർ സി.പി. ഐ (എം) പിളർത്തി ചാരു മജുംദാറിന്റെ നേതൃത്വത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ (മാർക്സിസ്റ്റ്-ലെനിനിസ്റ്റ്) (സിപിഐ (എം. എൽ)) എന്ന പുതിയ പാർട്ടി രൂപീകരിച്ചു. ഇന്ത്യയിലെ ജനാധിപത്യം ഒരു കാപട്യമാണെന്ന് ഇവർ വാദിച്ചു. ഒരു വിപ്ലവത്തിനായി ഗറില്ലാ യുദ്ധതന്ത്രമാണ് ഇവർ സ്വീകരിച്ചത്. രാഷ്ട്രീയ ലക്ഷ്യങ്ങൾ നേടാൻ അക്രമ മാർഗ്ഗങ്ങൾ ഇവർ സ്വീകരിച്ചു. നക്സലൈറ്റ് പ്രസ്ഥാനം ധനികരായ ഭൂവുടമകളിൽ നിന്നും ഭൂമി ബലമായി പിടിച്ചെടുത്തു ദരിദ്രർക്കും, ഭൂരഹിതർക്കുമായി നൽകുകയുണ്ടായി.

6. കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ (മാർക്സിസ്റ്റ് ലെനിനിസ്റ്റ്) ന്റെ സ്ഥാപകനാര്? ചാരു മജുംദാർ

7. കോൺഗ്രസ് മന്ത്രിസഭക്കെതിരെയുള്ള ദേശീയ പ്രക്ഷോഭത്തിൽ ജയപ്രകാശ് നാരായൺ പങ്കിനെ കുറിച്ച് വിവരിക്കുക?

1974-ൽ ബീഹാറിലെ വിദ്യാർത്ഥികൾ വിലക്കയറ്റത്തിനും, ഭക്ഷ്യദൗർലഭ്യത്തിനും, തൊഴിലില്ലായ്മക്കും, അഴിമതിക്കുമെതിരെ പ്രക്ഷോഭം ആരംഭിച്ചു. ഇതിന്റെ നേതൃത്വം ജയപ്രകാശ് നാരായണൻ ആയിരുന്നു. ഇദ്ദേഹം സാമൂഹികവും, സാമ്പത്തികവും, രാഷ്ട്രീയവുമായ മേഖലകളിൽ ഒരു സമ്പൂർണ വിപ്ലവത്തിലുടെ മാത്രമേ ജനാധിപത്യം സ്ഥാപിക്കാൻ സാധിക്കുകയുള്ളൂ എന്ന് ആഹ്വാനം ചെയ്തു. ക്രമേണ ഈ വിപ്ലവം മറ്റ് സംസ്ഥാനങ്ങളിലേക്കും വ്യാപിച്ചു. 1975 ജൂൺ 12 ന് അലഹബാദ് ഹൈക്കോടതിയിലെ ജഗമോഹൻ ലാൽ സിംഹ ഇന്ദിരാഗാന്ധിയുടെ തെരഞ്ഞെടുപ്പ് അസാധുവാക്കി കൊണ്ട് വിധി പ്രസ്താവിച്ചു. ഇതിനെ തുടർന്ന് ജയപ്രകാശ് നാരായണിന്റെ നേതൃത്വത്തിൽ പ്രതിപക്ഷകക്ഷികൾ 1975, ജൂൺ 25 ന് ഡൽഹിയിലെ രാംലീല മൈതാനത്തിൽ വലിയൊരു പ്രകടനം സംഘടിപ്പിക്കുകയുണ്ടായി. ഇന്ദിരാഗാന്ധി രാജിവെക്കണമെന്നിവർ ആവശ്യപ്പെടുകയും, ദേശവ്യാപകമായി സത്യാഗ്രഹം പ്രഖ്യാപിക്കുകയും ചെയ്തു. നിയമവിരുദ്ധവും, അധാർമികവുമായ ഉത്തരവുകൾ അനുസരിക്കരുതെന്ന് പോലീസിനോടും, സൈന്യത്തോടും, സർക്കാർ ഉദ്യോഗസ്ഥരോടും അവർ ആഹ്വാനം ചെയ്തു. ഇത് ഗവൺമെന്റിന്റെ പ്രവർത്തനങ്ങൾ സ്തംഭിപ്പിക്കുമെന്ന് ഭീഷണി ഉയർത്തി. ഇതിനെ തുടർന്ന് 1975, ജൂൺ 25 ന് ദേശീയ അടിയന്തരാവസ്ഥ പ്രഖ്യാപിച്ചു.

8. സമ്പൂർണ വിപ്ലവത്തിന് ആഹ്വാനം ചെയ്തതാര്? ജയപ്രകാശ് നാരായൺ

9. 1974 ലെ റെയിൽവേ സമരത്തിന് നേതൃത്വം കൊടുത്തതാര്? ജോർജ് ഫെർണാണ്ടസ്

10. ഭരണഘടനയുടെ അടിസ്ഥാന തത്വങ്ങളിൽ ഭേദഗതി വരുത്താൻ പാടില്ലെന്ന് സുപ്രീം കോടതി പ്രഖ്യാപിച്ചത് ഏത് കേസിലാണ്? കേശവാനന്ദ ഭാരതി കേസ്

11.1975 ൽ ദേശീയ അടിയന്തരാവസ്ഥ പ്രഖ്യാപിക്കാൻ ഇടയായ സാഹചര്യം വിവരിക്കുക?

1975 ജൂൺ 12-ന് അലഹബാദ് ഹൈക്കോടതിയിൽ ജഗമോഹൻലാൽ സിംഹ ഇന്ദിരാഗാന്ധിയുടെ തെരഞ്ഞെടുപ്പ് അസാധുവാക്കി. 1971 ൽ ഇന്ദിരാ ഗാന്ധിക്കെതിരെ മത്സരിച്ച രാജ്നരൈൻ നൽകിയ തിരഞ്ഞെടുപ്പ് പരാതിയിലാണ് കോടതി വിധി പുറപ്പെടുവിച്ചത്. പ്രതിപക്ഷ പാർട്ടികൾ ജയപ്രകാശ് നാരായണന്റെ നേതൃത്വത്തിൽ ഇന്ദിരാ ഗാന്ധിയുടെ രാജി ആവശ്യപ്പെടുകയും, 1975 ജൂൺ 25 ന് ഡൽഹിയിലെ രാംലീല മൈതാനിയിൽ വലിയൊരു പ്രകടനം സംഘടിപ്പിക്കുകയും ചെയ്തു. നിയമവിരുദ്ധവും, അധാർമികവുമായ ഉത്തരവുകൾ അനുസരിക്കരുതെന്ന് പോലീസിനോടും സൈന്യത്തോടും, സർക്കാർ ഉദ്യോഗസ്ഥരോടും ഇവർ ആഹ്വാനം ചെയ്തു. ഇത് ഗവൺമെന്റ് പ്രവർത്തനങ്ങൾ സ്തംഭിപ്പിക്കും എന്ന ഭീഷണി ഉയർത്തി. ഇതിനെ തുടർന്ന് ഗവൺമെന്റ് 1975, ജൂൺ 25 ൽ ആർട്ടിക്കിൾ 352 പ്രകാരം ദേശീയ അടിയന്തരാവസ്ഥ പ്രഖ്യാപിച്ചു.

12. 1975 ൽ ദേശീയ അടിയന്തരാവസ്ഥ പ്രഖ്യാപിച്ച ഇന്ത്യൻ പ്രസിഡന്റ് ആര്? ഫക്രുദ്ദീൻ അലി അഹമ്മദ്

13. ഇന്ത്യയിൽ ആഭ്യന്തര പ്രശ്നങ്ങളെ തുടർന്ന് അടിയന്തരാവസ്ഥ പ്രഖ്യാപിച്ചത് എന്നാണ്? 1975 ജൂൺ 25

14. എന്തുകൊണ്ടാണ് 1975-ലെ അടിയന്തരാവസ്ഥ ഇന്ത്യൻ ചരിത്രത്തിലെ കറുത്ത അടയാളം എന്ന് വിശേഷിപ്പിക്കുന്നത്? 1975 -ലെ അടിയന്തരാവസ്ഥയുടെ പ്രത്യാഘാതങ്ങൾ എന്തെല്ലാമായിരുന്നു?

അടിയന്തരാവസ്ഥയുടെ കാലത്ത് നടന്ന അധികാര ദുർവിനിയോഗം, അതിക്രമങ്ങൾ, ക്രമക്കേടുകൾ എന്നിവയാണ് 1975-ലെ അടിയന്തരാവസ്ഥയെ ഇന്ത്യൻ ചരിത്രത്തിലെ കറുത്ത അടയാളമായി വിശേഷിപ്പിക്കുന്നത്.

- പോലീസും, ഭരണവും ഭരിക്കുന്ന കക്ഷിയുടെ ഉപകരണമായി പ്രവർത്തിച്ചു.
- പത്രസ്വാതന്ത്ര്യം റദ്ദാക്കി. പത്രങ്ങൾ പ്രസിദ്ധീകരിക്കാൻ ഉദ്ദേശിക്കുന്ന വാർത്തകൾക്ക് മുൻകൂട്ടിയുള്ള അനുമതി ആവശ്യമായി വന്നു
- രാഷ്ട്രീയ സ്വയംസേവക സംഘത്തെയും (RSS), ജമാഅത്തെ ഇസ്ലാമിയെയും നിരോധിച്ചു.
- പ്രതിഷേധ സമരങ്ങൾ, പ്രകടനങ്ങൾ എന്നിവ അനുവദിക്കപ്പെട്ടിരുന്നില്ല.
- പല മൗലിക അവകാശങ്ങളും നിഷേധിക്കപ്പെട്ടു. മൗലിക അവകാശങ്ങൾ സംരക്ഷിക്കാൻ കോടതിയെ സമീപിക്കാനുള്ള അവകാശവും നിരോധിക്കപ്പെട്ടു.
- കരുതൽ തടങ്കൽ വ്യവസ്ഥകൾ ഉപയോഗിച്ച് നിരവധി ആളുകളെ അറസ്റ്റ് ചെയ്തു.
- പാർലമെന്റ് ഭരണഘടനയിൽ നിരവധി മാറ്റങ്ങൾ വരുത്തി.
- 1975 ലെ 39 ആം ഭരണഘടന ഭേദഗതി പ്രകാരം രാഷ്ട്രപതി, ഉപരാഷ്ട്രപതി, പ്രധാനമന്ത്രി എന്നിവരുടെ തിരഞ്ഞെടുപ്പുകൾ കോടതിയിൽ ചോദ്യം ചെയ്യാൻ പാടില്ലെന്ന് വ്യവസ്ഥ ചെയ്തു.
- i, 1976 ൽ 42 ആം ഭരണഘടന ഭേദഗതി പ്രകാരം രാജ്യത്തെ നിയമനിർമ്മാണ സഭകളുടെ കാലാവധി അഞ്ചിൽ നിന്നും ആറ് വർഷത്തേക്ക് നീട്ടി.

15. 1975 -ലെ അടിയന്തരാവസ്ഥയെ അനുകൂലിച്ചുകൊണ്ടുള്ള ഗവൺമെന്റിന്റെ വാദങ്ങൾ എന്തെല്ലാമായിരുന്നു?

ജനാധിപത്യത്തിൽ തെരഞ്ഞെടുപ്പിൽ വിജയിച്ച ഭരണകക്ഷിയെ അതിന്റെ നയങ്ങൾക്കനുസരിച്ച് ഭരിക്കാൻ പ്രതിപക്ഷകക്ഷികൾ അനുവദിക്കണമെന്ന് ഗവൺമെന്റ് വാദിച്ചു. നിരന്തരം പ്രതിഷേധങ്ങളും, പ്രക്ഷോഭങ്ങളും, സംഘടിത പ്രവർത്തനങ്ങളും ജനാധിപത്യത്തിനു ഭൂഷണമല്ല എന്ന് ഗവൺമെന്റ് വിലയിരുത്തി. ഗവൺമെന്റിനെ ലക്ഷ്യം വെച്ചുകൊണ്ട് പാർലമെന്ററി വിരുദ്ധ രാഷ്ട്രീയ പ്രവർത്തനം തുടർച്ചയായി നടത്താൻ ആർക്കും അവകാശമില്ലെന്ന് ഇന്ദിരാഗാന്ധിയെ പിന്തുണയ്ക്കുന്നവർ അഭിപ്രായപ്പെട്ടു.

16. കരുതൽ തടങ്കൽ എന്നാൽ എന്ത്?

കരുതൽ തടങ്കൽ വ്യവസ്ഥയനുസരിച്ച് ആളുകൾ കുറ്റം ചെയ്തേക്കാം എന്ന സാധ്യതയുടെ അടിസ്ഥാനത്തിൽ അവരെ അറസ്റ്റ് ചെയുകയും, തടങ്കലിൽ വയ്ക്കുകയും ചെയ്യുന്നു.

17. ഷാ കമ്മീഷനെ നിയമിച്ചതെന്തിന്? ഇതിന്റെ കണ്ടെത്തൽ എന്തെല്ലാമായിരുന്നു?

1977 ലെ ജനതാ പാർട്ടി ഗവൺമെന്റാണ് ഷാ കമ്മീഷനെ നിയോഗിച്ചത്. സുപ്രീംകോടതിയിൽ നിന്ന് വിരമിച്ച ചീഫ് ജസ്റ്റിസ് ജെ. സി ഷാ ആയിരുന്നു ഇതിന്റെ തലവൻ. 1975-ലെ അടിയന്തരാവസ്ഥയുടെ കാലത്ത് നടന്ന അധികാരദുർവിനിയോഗം, അതിക്രമങ്ങൾ, ക്രമക്കേടുകൾ എന്നീ ആരോപണങ്ങൾ പരിശോധിക്കുകയായിരുന്നു ഇതിന്റെ ലക്ഷ്യം. ഷാ കമ്മീഷൻ കണ്ടെത്തലുകൾ താഴെപ്പറയുന്നു.

- ഭരണവും, പോലീസും രാഷ്ട്രീയ സമ്മർദ്ദങ്ങൾക്ക് വിധേയമായി പ്രവർത്തിക്കേണ്ടി വന്നു.
- ഏകദേശം ഒരു ലക്ഷത്തി പതിനൊന്നായിരം ആളുകൾ കരുതൽ തടങ്കൽ നിയമമനുസരിച്ച് അറസ്റ്റ് ചെയ്യപ്പെട്ടു.

- നിയമത്തിന്റെ സാധ്യതയില്ലാതെ തന്നെ പത്രങ്ങൾക്ക് മേൽ കടുത്ത നിയന്ത്രണങ്ങൾ നടപ്പിലാക്കി.
- പത്ര ഓഫീസുകളിലേക്കുള്ള വൈദ്യുതി വിച്ഛേദിക്കാൻ ഡൽഹിയുടെ ലെഫ്റ്റനന്റ് ഗവർണറുടെ ഓഫീസിൽനിന്നും വാക്കാലുള്ള ഉത്തരവ് പുറപ്പെടുവിച്ചു.
- ഡൽഹിയിലെ ദരിദ്രമായ പ്രദേശങ്ങളിൽ ജീവിച്ചിരുന്ന നിരവധി ആളുകൾ കുടിയൊഴിപ്പിക്കപ്പെട്ടു.

18. എന്തായിരുന്നു 'ഇരുപതിന പരിപാടി'?

1975-ൽ ഇന്ത്യൻ പ്രധാനമന്ത്രി ഇന്ദിരാഗാന്ധി പാവങ്ങൾക്ക് വേണ്ടി നടപ്പിലാക്കിയ ക്ഷേമ പരിപാടികളാണിത്. ഭൂപരിഷ്കരണം, ഭൂമിയുടെ പുനർവിതരണം, കാർഷിക വേതനത്തെക്കുറിച്ചുള്ള പുനപരിശോധന, മാനേജ്മെന്റിൽ തൊഴിലാളികൾക്കുള്ള പങ്കാളിത്തം, നിർബന്ധിത ജോലിയുടെ നിർമാർജനം എന്നിവ ഇതിൽ ഉൾപ്പെടുന്നു.

19. രാജ്യത്ത് ആദ്യമായി പ്രതിപക്ഷം കേന്ദ്രത്തിൽ അധികാരത്തിൽ വരുന്നത് 1977-ലെ തിരഞ്ഞെടുപ്പിൽ കണ്ടു. ഈ സംഭവവികാസത്തിന്റെ കാരണങ്ങളായി നിങ്ങൾ പരിഗണിക്കുന്നത് എന്തെല്ലാമാണ്?

Or

20. 1977 ജനതാ പാർട്ടി അധികാരത്തിൽ വരുവാൻ ഉണ്ടായ സാഹചര്യം?

1977 ലെ തിരഞ്ഞെടുപ്പിൽ 'ജനാധിപത്യത്തെ രക്ഷിക്കൂ' എന്ന മുദ്രാവാക്യം പ്രതിപക്ഷ പാർട്ടികൾ സ്വീകരിച്ചു. പ്രധാനപ്പെട്ട പ്രതിപക്ഷ പാർട്ടികളെല്ലാം ഒരുമിച്ചു ചേർന്ന് ജനതാ പാർട്ടി എന്ന പേരിൽ ഒരു പുതിയ പാർട്ടി രൂപീകരിച്ചു. കോൺഗ്രസ് വിരുദ്ധ വോട്ടുകൾ വിഭജിച്ചു പോകാതിരിക്കാൻ ഇവർ പ്രത്യേകം ശ്രദ്ധിച്ചു. ജനതാ പാർട്ടി 1977 ലെ തെരഞ്ഞെടുപ്പിനെ അടിയന്തരാവസ്ഥയുടെ ജനഹിതപരിശോധനയാക്കി മാറ്റി. ഭരണത്തിന്റെ ജനാധിപത്യവിരുദ്ധ സ്വഭാവത്തെയും, അടിയന്തരാവസ്ഥക്കാലത്തെ അതിക്രമങ്ങളെയും പ്രതിപക്ഷം പ്രചരണായുധമാക്കി. പൊതുജനാഭിപ്രായം കോൺഗ്രസിനെതിരായിരുന്നു. കൂടാതെ ഉത്തരേന്ത്യയിലെ മധ്യവർഗ്ഗങ്ങൾ കോൺഗ്രസിൽ നിന്നകലുകയും, ജനതാപാർട്ടിയിൽ വിശ്വാസമർപ്പിക്കുകയും ചെയ്തു. ഈ ഘടകങ്ങളെല്ലാമാണ് 1977-ൽ ജനതാ പാർട്ടിയെ അധികാരത്തിലെത്തിച്ചത്.

21. 1977 ലെ തിരഞ്ഞെടുപ്പിൽ അധികാരത്തിൽ വന്ന രാഷ്ട്രീയ പാർട്ടി ഏത്? ജനതാ പാർട്ടി

22. 1977 ലെ തിരഞ്ഞെടുപ്പിൽ ജനതാ പാർട്ടി മുന്നോട്ട് വെച്ച മുദ്രാവാക്യമേത്? ജനാധിപത്യത്തെ രക്ഷിക്കൂക

23. 1980 ലെ ഇടക്കാല തെരഞ്ഞെടുപ്പിലേക്ക് വഴിതെളിച്ച സാഹചര്യങ്ങൾ എന്തെല്ലാം? 1980 ലെ തിരഞ്ഞെടുപ്പിൽ കോൺഗ്രസ് പാർട്ടി ജനതാ പാർട്ടിയുടെ മേൽ വിജയം നേടാനുണ്ടായ കാരണങ്ങൾ?

1977-ൽ ജനതാ പാർട്ടി അധികാരത്തിൽ വരികയും, മൊറാർജി ദേശായി പ്രധാനമന്ത്രിയുമായി. എന്നാൽ ജനത ഗവൺമെന്റിന് അധികകാലം അധികാരത്തിൽ തുടരാൻ സാധിച്ചില്ല. 1980 ലെ ഇടക്കാല തെരഞ്ഞെടുപ്പിൽ ജനത ഗവൺമെന്റ് പരാജയപ്പെട്ടു. അടിയന്തരാവസ്ഥയ്ക്കെതിരെയുള്ള എതിർപ്പായിരുന്നു ജനതാ പാർട്ടിയെ ഒറ്റക്കെട്ടായി നിലനിർത്തിയിരുന്നത്. എന്നാൽ ജനതാ പാർട്ടിക്ക് ദിശാബോധവും, നേതൃത്വവും, ഒരു പൊതുവായ പരിപാടിയും ഇല്ലായിരുന്നു. കോൺഗ്രസ് പിന്തുടർന്നിരുന്ന നയങ്ങളിൽ മൗലികമായ മാറ്റം കൊണ്ടുവരാൻ ജനത ഗവൺമെന്റിനു കഴിഞ്ഞില്ല. അധികാരത്തിൽ വന്ന ജനതാ ഗവൺമെന്റിൽ ഒത്തൊരുമ തീരെയില്ലായിരുന്നു. അധികാരം ലഭിച്ചു 18 മാസത്തിനുള്ളിൽ മൊറാർജി ദേശായി നയിച്ച ഗവൺമെന്റിന്റെ ഭൂരിപക്ഷം നഷ്ടപ്പെടുകയും, കോൺഗ്രസ് പിന്തുണയോടെ ചരൺസിംഗ് അധികാരത്തിൽ വരികയും ചെയ്തു. പിന്നീട് കോൺഗ്രസ് ചരൺസിംഗിനുള്ള പിന്തുണ പിൻവലിക്കുകയും, രാജ്യം ഇടക്കാല തെരഞ്ഞെടുപ്പിലേക്ക് നീങ്ങുകയും ചെയ്തു. അസ്ഥിരവും, പരസ്പരം കലഹിക്കുന്നതുമായ ഗവൺമെന്റിനെതിരെയുള്ള വോട്ടർമാരുടെ പ്രതികരണം കൂടിയായിരുന്നു 1980 ലെ ഇടക്കാല തെരഞ്ഞെടുപ്പ്.

24. 1975-ലെ അടിയന്തരാവസ്ഥ നൽകുന്ന പാഠങ്ങൾ എന്തെല്ലാം?

- ഇന്ത്യയിൽ നിന്നും ജനാധിപത്യത്തെ ഇല്ലാതാക്കുക തീർത്തും പ്രയാസകരമാണെന്ന് തെളിയിച്ചു.
- ഇന്ത്യൻ ഭരണഘടനയിലെ അടിയന്തരാവസ്ഥ വ്യവസ്ഥകളെ സംബന്ധിച്ച അവ്യക്തതകൾ പുറത്തുവന്നു.
- സായുധ കലാപത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ ആഭ്യന്തര അടിയന്തരാവസ്ഥ പ്രഖ്യാപിക്കാൻ പാടുള്ളൂ എന്ന വ്യവസ്ഥ വന്നു.
- അടിയന്തിരാവസ്ഥ പ്രഖ്യാപിക്കാന് പ്രസിഡന്റിനുള്ള ഉപദേശം മന്ത്രിസഭ രേഖാമൂലം നൽകേണ്ടതാണ്.
- അടിയന്തരാവസ്ഥ പൗരസ്വാതന്ത്ര്യത്തിന്റെ മൂല്യത്തെക്കുറിച്ച് എല്ലാവരെയും ബോധവാന്മാരാക്കി.

## CHAPTER - 7 ജനകീയ പ്രസ്ഥാനങ്ങളുടെ ആവിർഭാവം

1. 1970-കളുടെ തുടക്കത്തിൽ ഉത്തർപ്രദേശിൽ ചിപ്കോ പ്രസ്ഥാനം ആരംഭിക്കാൻ ഇടയാക്കിയ കാരണങ്ങൾ കണ്ടെത്തുക. ഈ പ്രസ്ഥാനത്തിന്റെ പരിണിതഫലം എന്നായിരുന്നു?

കാർഷികോപകരണങ്ങൾ നിർമിക്കുന്നതിനായി ആഷ് മരങ്ങൾ മുറിക്കുന്നതിനുള്ള അനുവാദം ഗ്രാമീണർക്ക് വനംവകുപ്പ് നിഷേധിച്ചതിന്റെ ഫലമായി ഉത്തരാഖണ്ഡ് മേഖലയിലെ ചില ഗ്രാമങ്ങളിലാണ് ഈ പ്രസ്ഥാനം ആരംഭിച്ചത്. അതേസമയം സ്പോർട്സ് ഉപകരണങ്ങൾ നിർമ്മിക്കുന്ന ഒരു കമ്പനിക്ക് ഈ പ്രദേശം വാണിജ്യ ഉപയോഗത്തിനായി വനംവകുപ്പ് നൽകിയത് ഗ്രാമീണരെ പ്രക്ഷോഭത്തിലേക്ക് നയിച്ചു. ഈ പ്രക്ഷോഭം ഉത്തരാഖണ്ഡിന്റെ വിവിധഭാഗങ്ങളിലേക്ക് വ്യാപിക്കുകയും ചെയ്തു. ഈ പ്രദേശത്തെ പാരിസ്ഥിതിക, സാമ്പത്തിക ചൂഷണങ്ങളുമായി ബന്ധപ്പെട്ട നിരവധി ഗൗരവതരമായ വിഷയങ്ങൾ ഉന്നയിക്കപ്പെട്ടു. പുറമേനിന്നുള്ളവർക്ക് വനത്തെ ചൂഷണം ചെയ്യുവാനുള്ള കരാറുകൾ നൽകരുതെന്നും, തദ്ദേശീയ ജനതയ്ക്ക് പ്രകൃതി വിഭവങ്ങളായ ഭൂമി, ജലം തുടങ്ങിയവയുടെ മേൽ പൂർണ്ണ നിയന്ത്രണാധികാരം ഉണ്ടായിരിക്കണമെന്നും ഗ്രാമീണ ജനത ആവശ്യപ്പെട്ടു. പാരിസ്ഥിതിക സന്തുലിതാവസ്ഥയെ തകിടം മറക്കാതെ ഈ മേഖലയുടെ വികസനം ഉറപ്പു വരുത്തണമെന്ന് ഇവർ ആവശ്യപ്പെട്ടു. വനങ്ങളിൽ പണിയെടുക്കുന്ന ഭൂരഹിതരുടെ സാമ്പത്തികപ്രശ്നങ്ങൾ ഈ പ്രസ്ഥാനം ഏറ്റെടുക്കുകയും, ഇവർക്ക് നിശ്ചിത വേതനം ഉറപ്പുവരുത്തുവാൻ ഗവൺമെന്റിനോട് ആവശ്യപ്പെടുകയും ചെയ്തു. സ്ത്രീകളുടെ സജീവപങ്കാളിത്തമായിരുന്നു ചിപ്കോ പ്രക്ഷോഭത്തിന്റെ പ്രത്യേകത. സ്ത്രീകൾ പുരുഷന്മാരുടെ മദ്യപാനശീലത്തിനെതിരെ നിരന്തരമായ പ്രക്ഷോഭം നടത്തുകയും, മറ്റ് സാമൂഹിക പ്രശ്നങ്ങളിലേക്ക് പ്രസ്ഥാനത്തിന്റെ അജണ്ട വിപുലീകരിക്കുകയും ചെയ്തു. ഹിമാലയൻ പ്രദേശത്ത് പൂർണ്ണമായും പച്ചപ്പ് പുനസ്ഥാപിക്കും വരെ 15 വർഷത്തേക്ക് മരങ്ങൾ വെട്ടി മാറ്റുന്നതിന് സർക്കാർ നിരോധനം ഏർപ്പെടുത്തി.

2. ചിപ്കോ പ്രസ്ഥാനവുമായി ബന്ധപ്പെട്ട പ്രദേശം? ഉത്തരാഖണ്ഡ്

3. പാർട്ടി ഇതര പ്രസ്ഥാനങ്ങൾ എന്നാൽ എന്ത്? എന്തുകൊണ്ടാണ് സന്നദ്ധസംഘടനകൾ പാർട്ടി ഇതര പ്രസ്ഥാനങ്ങൾ എന്നറിയപ്പെടുന്നത്?

രാഷ്ട്രീയപരമായി സജീവമായിരുന്ന പല വിഭാഗങ്ങൾക്കും നിലനിൽക്കുന്ന ജനാധിപത്യ സ്ഥാപനങ്ങളിലും, തെരഞ്ഞെടുപ്പു രാഷ്ട്രീയത്തിലുള്ള വിശ്വാസം നഷ്ടപ്പെട്ടു. രാഷ്ട്രീയ അരക്ഷിതാവസ്ഥ, സാമ്പത്തിക നയങ്ങളുടെ പരാജയം, സാമൂഹിക അസമത്വങ്ങൾ, ദാരിദ്ര്യം എന്നിവയായിരുന്നു ഇതിന്റെ കാരണങ്ങൾ. ഇവർ തങ്ങളുടെ പ്രതിഷേധങ്ങൾ പ്രകടിപ്പിക്കുന്നതിനു വേണ്ടി ബഹുജനങ്ങളെ സംഘടിപ്പിക്കുകയും നിരവധി പ്രക്ഷോഭങ്ങൾ ഏറ്റെടുത്തു നടത്തുകയും ചെയ്തു. ഇവരുടെ സാമൂഹിക പ്രവർത്തനങ്ങൾക്ക് സന്നദ്ധ സ്വഭാവം ഉണ്ടായിരുന്നതിനാൽ ഈ സംഘടനകളിൽ പലതും സന്നദ്ധ സംഘടനകൾ എന്നറിയപ്പെട്ടു. ഈ സന്നദ്ധസംഘടനകൾ പാർട്ടി രാഷ്ട്രീയത്തിന് പുറത്തു നിൽക്കുവാൻ തീരുമാനിച്ചു. ഇവർ തിരഞ്ഞെടുപ്പിൽ മത്സരിക്കുകയോ, ഏതെങ്കിലും ഒരു രാഷ്ട്രീയ പാർട്ടിയെ പിന്തുണക്കുകയോ ചെയ്തില്ല. ഇവർ രാഷ്ട്രീയപാർട്ടികളിൽ കൂടിയല്ലാതെ രാഷ്ട്രീയത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നതിനാൽ ഈ സംഘടനകളെ പാർട്ടി ഇതര രാഷ്ട്രീയ രൂപങ്ങൾ എന്ന് വിളിക്കുന്നു.

4. എന്തൊക്കെ പ്രശ്നങ്ങളാണ് ദളിത് പാന്തേഴ്സ് ഉന്നയിച്ചത്?

1972- ൽ മഹാരാഷ്ട്രയിലെ ദളിത് യുവാക്കൾ ആരംഭിച്ച പ്രസ്ഥാനമായിരുന്നു ദളിത് പാന്തേഴ്സ്. സംസ്ഥാനത്തിന്റെ വിവിധഭാഗങ്ങളിൽ ദളിതർക്ക് നേരെ വർദ്ധിച്ചുവരുന്ന അസമത്വങ്ങൾക്കും, അതിക്രമങ്ങൾക്കുമെതിരെ ഇവർ പോരാടി. എല്ലാം മർദ്ദിത ജനവിഭാഗങ്ങൾക്കുമായി ഒരു സംഘടന കെട്ടിപ്പടുക്കുക എന്നതായിരുന്നു പാന്തേഴ്സിന്റെ പ്രത്യയശാസ്ത്ര അജണ്ട. സംവരണം, സാമൂഹ്യനീതി എന്നിവയുമായി ബന്ധപ്പെട്ട നയങ്ങളുടെ ഫലപ്രദമായ നടപ്പാക്കൽ ഇവർ ആവശ്യപ്പെട്ടു. ദളിതർക്കെതിരെയുള്ള സാമൂഹിക വിവേചനം അവസാനിപ്പിക്കുന്നതിനും, ജാതിവ്യവസ്ഥ ഇല്ലാതാക്കുന്നതിനും വേണ്ടി ഇവർ പോരാടി.

5. ദളിത് പാന്തേഴ്സ് എന്ന സംഘടന രൂപം കൊണ്ടതെവിടെ? മഹാരാഷ്ട്ര (1972)

6. കർഷകരുടെ ദുരവസ്ഥയെ ഉയർത്തിക്കാട്ടിയ ഒരു മുൻനിര സംഘടനയായിരുന്നു ഭാരതീയ കിസാൻ യൂണിയൻ. 1990-കളിൽ ഈ സംഘടന അഭിസംബോധന ചെയ്ത് പ്രധാന വിഷയങ്ങൾ എന്തൊക്കെയായിരുന്നു?

ഉത്തർപ്രദേശിലെയും ഹരിയാനയിലെയും കർഷകർ രൂപംകൊടുത്ത സംഘടനയായിരുന്നു ഭാരതീയ കിസാൻ യൂണിയൻ. 1990-കളിൽ ഇവർ ഉന്നയിച്ച പ്രധാന പ്രത്യേക വിഷയങ്ങൾ താഴെപ്പറയുന്നു.

- കരിമ്പിൻ ഗോതമ്പിനും ഉയർന്ന തറവില നിശ്ചയിക്കുക.
- കാർഷിക ഉൽപ്പന്നങ്ങളുടെ അന്തർസംസ്ഥാന നീക്കത്തിനുള്ള നിയന്ത്രണങ്ങൾ എടുത്തുകളയുക.
- ന്യായമായ നിരക്കിൽ വൈദ്യുതി ലഭ്യമാക്കുക.
- കാർഷിക വായ്പയുടെ തിരിച്ചടവ് ഒഴിവാക്കുക.
- കർഷകർക്ക് സർക്കാർ പെൻഷൻ നൽകുക.

7. ആന്ധ്രപ്രദേശിലെ ചാരായ വിരുദ്ധ പ്രസ്ഥാനം ചില ഗൗരവതരമായ പ്രശ്നങ്ങളിലേക്ക് രാജ്യത്തിന്റെ ശ്രദ്ധയാകർഷിച്ചു

എന്തൊക്കെയായിരുന്നു പ്രശ്നങ്ങൾ? ചാരായ വിരുദ്ധ പ്രസ്ഥാനത്തെ ഒരു സ്ത്രീ പ്രസ്ഥാനമായി നിങ്ങൾ പരിഗണിക്കുമോ? എന്തുകൊണ്ട്?

ആന്ധ്രപ്രദേശിലെ ഗ്രാമപ്രദേശങ്ങളിൽ ചാരായ വിൽപ്പന നിരോധിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് സ്ത്രീകൾ ആരംഭിച്ച പ്രസ്ഥാനമാണ് ചാരായ വിരുദ്ധ പ്രസ്ഥാനം എന്നറിയപ്പെടുന്നത്. 1990 കളുടെ തുടക്കത്തിൽ ആന്ധ്രപ്രദേശിലെ നെല്ലൂർ ജില്ലയിലെ ദുബഗുണ്ട ഗ്രാമത്തിലെ സ്ത്രീകളാണ് പുരുഷന്മാരുടെ അമിത മദ്യപാനത്തെക്കുറിച്ച് പരാതിപ്പെട്ടത്. ഇതവരുടെ ശാരീരികവും മാനസികവുമായ ആരോഗ്യത്തെ ദുർബലപ്പെടുത്തുകയും, ഗ്രാമീണ സമ്പത്ത് വ്യവസ്ഥയെ തകിടം മറിക്കുകയും ചെയ്തു. മദ്യപാനത്തിന് ദോഷഫലങ്ങൾ ഏറ്റവും കൂടുതൽ അനുഭവിച്ചത് സ്ത്രീകളായിരുന്നു. ചാരായ വിൽപ്പനക്കെതിരെ പ്രതിഷേധിക്കുന്നതിനും, വൈൻ ഷോപ്പുകൾ അടച്ചുപൂട്ടുന്നതിനുവേണ്ടി നെല്ലൂരിലെ സ്ത്രീകൾ ഒന്നിച്ചു കൂടുകയും മദ്യനിരോധനം ഏർപ്പെടുത്തുന്നതിന് വേണ്ടിയുള്ള പ്രമേയങ്ങൾ പാസാക്കുകയും ചെയ്തു. പ്രതിഷേധത്തെതുടർന്ന് നെല്ലൂർ ജില്ലയിലെ ചാരായ ലേലം 17 തവണ മാറ്റിവെച്ചു. ക്രമേണ ഈ പ്രസ്ഥാനം സംസ്ഥാനത്തുടനീളം വ്യാപിച്ചു. ചാരായ വിൽപ്പന നിരോധിക്കുന്നതു കൂടാതെ സ്ത്രീകളുടെ ജീവിതത്തെ ബാധിച്ച വലിയ സാമൂഹികവും, സാമ്പത്തികവും, രാഷ്ട്രീയവുമായ പ്രശ്നങ്ങളെ ഇവർ സ്പർശിച്ചു. ഗാർഹിക പീഡനത്തിനന്റെ സ്വകാര്യ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനും ഇത് വേദിയൊരുക്കി

8. ചാരായ വിരുദ്ധ പ്രസ്ഥാനം ആരംഭിച്ചത് എവിടെ? ആന്ധ്ര പ്രദേശ് (1992)

9. നർമ്മദാ ബച്ചാവോ ആന്തോളൻ എന്താണെന്ന് വിവരിക്കുക? നർമ്മദാ താഴ്വരയിലെ ഡാം പദ്ധതികളെ നർമ്മദാ ബച്ചാവോ ആന്തോളൻ എതിർക്കുന്നത് എന്തുകൊണ്ട്?

നർമ്മദാ നദിയിലും, അതിന്റെ കൈവഴികളിലും വൻകിട ഡാമുകൾ നിർമ്മിക്കുന്ന പദ്ധതികൾക്കെതിരെ ആരംഭിച്ച പ്രസ്ഥാനമാണ് നർമ്മദാ ബച്ചാവോ ആന്തോളൻ. ഗുജറാത്തിലെ സർദാർ സരോവർ പദ്ധതിയും, മധ്യപ്രദേശിലെ നർമദാ സാഗർ പദ്ധതിയും ഇവയിൽ പ്രധാനപ്പെട്ടതാണ്. സർദാർ സരോവർ പദ്ധതി ഒരു വിവിധോദ്ദേശ വൻകിട ഡാമാണ്. കുടിവെള്ള ലഭ്യത, ജലസേചനത്തിനുള്ള വെള്ളം, വൈദ്യുതി ഉൽപാദനം, കാർഷിക ഉൽപാദന വർദ്ധനവ് എന്നിവയാണ് ഇതിന്റെ ലക്ഷ്യം. എന്നാൽ ഈ അണക്കെട്ട് നിർമാണത്തിലൂടെ ഈ സംസ്ഥാനങ്ങളിലുള്ള 245 ഗ്രാമങ്ങൾ വെള്ളത്തിൽ മുങ്ങുകയും, രണ്ടര ലക്ഷത്തോളം ആളുകളെ മാറ്റിപ്പാർപ്പിക്കേണ്ടതുമുണ്ട്. ഇവരുടെ പുനരധിവാസമായിരുന്നു ആദ്യം ഉന്നയിക്കപ്പെട്ട പ്രശ്നം. പിന്നീട് വൻകിട പ്രോജക്ടുകളുടെ ഭാഗമായി ഉണ്ടാകാവുന്ന സാമൂഹ്യ ചിലവുകളായ ഉപജീവന മാർഗത്തിന്റെയും, സംസ്കാരത്തിന്റെയും നഷ്ടപ്പെടൽ, പാരിസ്ഥിതിക വിഭവങ്ങളുടെ അപചയം എന്നിവയും വികസനത്തിനന്റെ ഭാഗമായി കണക്കാക്കണമെന്ന് ഇവർ ആവശ്യപ്പെട്ടു. വൻകിട പദ്ധതികളുടെ നിർമ്മാണ കാര്യങ്ങളിലെ തീരുമാനമെടുക്കലിൽ തദ്ദേശീയ സമൂഹങ്ങൾക്ക് പങ്കാളിത്തമുണ്ടാകണമെന്നും. ജലം, ഭൂമി, വനം തുടങ്ങിയ പ്രകൃതിവിഭവങ്ങളുടെ മേൽ ഈ സമൂഹങ്ങൾക്ക് ഫലപ്രദമായ നിയന്ത്രണം ഉണ്ടാകണമെന്നും നർമ്മദാ ബച്ചാവോ ആന്തോളൻ ആവശ്യപ്പെട്ടു

10. വിവരാവകാശത്തിനു വേണ്ടിയുള്ള പ്രസ്ഥാനത്തെക്കുറിച്ച് വിവരിക്കുക

1990 രാജസ്ഥാനിലെ മസ്ദൂർ കിസാൻ ശക്തി സംഘതൻ എന്ന ബഹുജന സംഘടനയാണ് ഇതിനു തുടക്കം കുറിച്ചത്. ക്ഷാമ ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ രേഖകളും, ഇതുമായി ബന്ധപ്പെട്ട തൊഴിലാളികളുടെ കണക്കുകളും ഇവർ ആവശ്യപ്പെട്ടു. രാജസ്ഥാനിലെ പിന്നോക്ക പ്രദേശമായ ഭീം തെക്സിലാണ് ഈ ആവശ്യം ആദ്യമായി ഉന്നയിക്കപ്പെട്ടത്. സ്കൂളുകൾ, ഔഷധ വിതരണ കേന്ദ്രങ്ങൾ, ചെറിയ ഡാമുകൾ, സാമൂഹ്യ കേന്ദ്രങ്ങൾ എന്നിവയുടെ നിർമ്മാണത്തിന് വേതനം നൽകപ്പെട്ട തൊഴിലാളികളുടെ ഹാജർ പുസ്തകത്തിലെ പേരുകൾ, ബില്ലുകളുടെ പകർപ്പുകൾ എന്നിവ ആവശ്യപെട്ടതിലൂടെ ഗ്രാമവാസികൾ തങ്ങളുടെ അറിയാനുള്ള അവകാശം ശക്തമായി ഉന്നയിച്ചു. രേഖകളിൽ ഇത്തരം വികസന പദ്ധതികളെല്ലാം പൂർത്തീകരിക്കപ്പെട്ടതായിട്ടുണ്ടെങ്കിലും, ഫണ്ടുകളിൽ വൻ തിരിമറി നടന്നിട്ടുണ്ടായിരുന്നു. 1994 ലും 1996 ലും മസ്ദൂർ കിസാൻ ശക്തി സംഘതൻ പൊതു വിചാരണ സംഘടിപ്പിക്കുകയും ഭരണകൂടത്തോട് അതിന്റെ നിലപാടുകൾ വിശദീകരിക്കാൻ ആവശ്യപ്പെടുകയും ചെയ്തു. 1996 ഡൽഹിയിൽ മസ്ദൂർ കിസാൻ ശക്തി സംഘതൻ ജനങ്ങളുടെ വിവരാവകാശത്തിനുള്ള ദേശീയ സമിതി രൂപീകരിച്ചു. ഇതാണ് 2004-ൽ വിവരാവകാശ ബിൽ പാർലമെന്റ് പാസാക്കുന്നതിനു വഴിതെളിച്ച സാഹചര്യം. 2005- ൽ വിവരാവകാശ നിയമം നിലവിൽ വന്നു.

11. വിവരാവകാശത്തിന് വേണ്ടിയുള്ള പ്രസ്ഥാനത്തിന് നേതൃത്വം കൊടുത്ത സംഘടന ഏത്?

മസ്ദൂർ കിസാൻ ശക്തി സംഘതൻ

12. വിവരാവകാശം നിലവിൽ വന്ന വർഷം? 2005

## CHAPTER- 8 പ്രാദേശിക അഭിലാഷങ്ങൾ

1. കാശ്മീർ പ്രശ്നത്തിന്റെ അടിസ്ഥാനകാരണങ്ങൾ എന്തെല്ലാമായിരുന്നു?

1947-നു മുൻപ് ജമ്മുകാശ്മീർ ഒരു സ്വതന്ത്ര നാട്ടുരാജ്യമായിരുന്നു. ഇവിടുത്തെ ഹിന്ദു ഭരണാധികാരിയായിരുന്ന ഹരിസിംഗ് ഇന്ത്യൻ യൂണിയനിലോ, പാകിസ്ഥാനിലോ ചേരുന്നതിനു പകരമായി കാശ്മീരിനെ സ്വതന്ത്രരാജ്യമായി നിലനിർത്തുവാൻ ആഗ്രഹിച്ചു. എന്നാൽ കാശ്മീരിലെ ഭൂരിഭാഗം ജനങ്ങളും മുസ്ലിങ്ങളായതിനാൽ കാശ്മീർ തങ്ങളുടെ ഭാഗമാണെന്ന് പാക്കിസ്ഥാൻ വാദിച്ചു. ഷെയ്ഖ് അബ്ദുള്ളയുടെ നേതൃത്വത്തിലുള്ള ജനകീയ പ്രസ്ഥാനം രാജാവിനെ പുറത്താക്കാൻ ശ്രമിച്ചു. എന്നാൽ പാക്കിസ്ഥാനിൽ ചേരാൻ ഇവർ വിസമ്മതിച്ചു. 1947 ഒക്ടോബറിൽ പാകിസ്ഥാനിലെ ഗോത്രവർഗ്ഗക്കാർ കാശ്മീരിലേക്ക് നുഴഞ്ഞുകയറിയതിനെത്തുടർന്ന് ഇന്ത്യയുടെ സഹായമഭ്യർത്ഥിക്കാൻ രാജാവ് നിർബന്ധിതനായി. ഇന്ത്യയുമായി ഒരു ലയന പ്രമാണം ഒപ്പിട്ടതിനുശേഷമാണ് ഇന്ത്യ രാജാവിനെ സഹായിക്കാൻ തീരുമാനിച്ചത്. നുഴഞ്ഞു കയറ്റകാരെ ഇന്ത്യ പുറത്താക്കി. ഇത് പ്രകാരം ജമ്മു കശ്മീരിൽ രാജവാഴ്ച അവസാനിച്ചു. 1948 ഷേക്ക് അബ്ദുള്ള ജമ്മുകാശ്മീരിലെ പ്രധാനമന്ത്രിയായി.

2. ജമ്മുകാശ്മീരിൽ വിവിധ താൽപര്യങ്ങളിലേക്കു നയിച്ച ആഭ്യന്തര വിഭാഗങ്ങളെ കുറിച്ച് വിശദീകരിക്കുക?

ജന്മു കാശ്മീരിൽ സാമൂഹ്യമായും, രാഷ്ട്രീയമായും, വ്യത്യസ്തമായ മൂന്ന് മേഖലകളാണ്

a. കാശ്മീർ- കാശ്മീരി ഭാഷ സംസാരിക്കുന്ന കാശ്മീർ മേഖലയിലെ ഭൂരിപക്ഷംപേരും മുസ്ലീങ്ങളാണ്. ഇവിടെ കാശ്മീരി ഭാഷ സംസാരിക്കുന്ന ഹിന്ദുക്കൾ വിരളമാണ്.

b. ജമ്മു- ഹിന്ദുക്കളും, മുസ്ലീങ്ങളും, സിഖ്കാരുമാണ് ഇവിടെ വസിക്കുന്നത്. അവർ വ്യത്യസ്തമായ ഭാഷകൾ സംസാരിക്കുന്നു.

c. ലഡാക്ക്- ജനവാസം കുറഞ്ഞ പർവ്വത പ്രദേശമാണ് ലഡാക്ക്. ബുദ്ധമതക്കാരും, മുസ്ലീങ്ങളുമാണ് ഇവിടുത്തെ അന്തേവാസികൾ.

1989 മുതൽ ജമ്മു കാശ്മീരിൽ വിഘടനവാദ രാഷ്ട്രീയം രൂപംകൊണ്ടു. ഇന്ത്യ, പാകിസ്താൻ എന്നീ രാജ്യങ്ങളിൽ നിന്നും സ്വതന്ത്രമായ പരമാധികാര സ്വയംഭരണ രാജ്യമാണ് ചിലരുടെ ആവശ്യം. എന്നാൽ മറ്റൊരു വിഭാഗം പാകിസ്താനിൽ ലയിക്കാൻ താല്പര്യപ്പെട്ടു. വേറൊരു വിഭാഗം കൂടുതൽ സ്വയംഭരണാവകാശമാണ് ആവശ്യപ്പെടുന്നത്. ഇവർ ഇന്ത്യൻ യൂണിയനിൽ ലയിക്കാൻ താല്പര്യപ്പെടുന്നു. സംസ്ഥാനത്തിന് കൂടുതൽ സ്വയംഭരണാധികാരം വേണമെന്ന് കാശ്മീരി ജനത ആഗ്രഹിക്കുന്നു. എന്നാൽ ജന്മു, ലഡാക്ക് തുടങ്ങിയ പ്രദേശങ്ങളിലെ ജനങ്ങൾ തങ്ങളുടെ പ്രദേശങ്ങൾക്ക് സ്വയംഭരണാധികാരം വേണം എന്ന് ആഗ്രഹിക്കുന്നു.

3. കാശ്മീരി സ്വത്വം അറിയപ്പെടുന്നതെങ്ങനെ? കാശ്മീരിയത്

4. കാശ്മീരിന് പ്രത്യേക പദവി നൽകിയിരുന്ന ആർട്ടിക്കിൾ ഏതായിരുന്നു? ആർട്ടിക്കിൾ 370

5. ജമ്മു-കാശ്മീർ ഇന്ത്യയിൽ ലഭിച്ചതിനുശേഷമുള്ള ആദ്യത്തെ പ്രധാനമന്ത്രി ആരായിരുന്നു?

ഷെയ്ഖ് മുഹമ്മദ് അബ്ദുള്ള

6. ആർട്ടിക്കിൾ 370 ന്റെ പ്രാധാന്യം വിവരിക്കുക. ഇതു പിൻവലിച്ചത് എന്ന്.

ആർട്ടിക്കിൾ 370 കാശ്മീരിന് പ്രത്യേക പദവിയും, കൂടുതൽ സ്വയംഭരണാധികാരവും അനുവദിച്ചിരുന്നു. ജമ്മു-കാശ്മീരിന് സ്വന്തം ഭരണഘടനയുണ്ടായിരുന്നു. ഇന്ത്യൻ ഭരണഘടനയിലെ പല വ്യവസ്ഥകളും ജമ്മുകാശ്മീരിന് ബാധകമായിരുന്നില്ല. ഇന്ത്യൻ പാർലമെന്റ് പാസാക്കുന്ന നിയമങ്ങൾ ജമ്മു-കാശ്മീരിൽ ബാധകമാകുന്നത് ജമ്മു കാശ്മീർ സംസ്ഥാനം അത് അംഗീകരിക്കുകയാണെങ്കിൽ മാത്രമായിരുന്നു. 2019 ൽ ഇന്ത്യ ഗവണ്മെന്റ് ആർട്ടിക്കിൾ 370 പിൻവലിച്ചു.

7. ദ്രാവിഡ പ്രസ്ഥാനങ്ങളെ കുറിച്ച് വിവരിക്കുക.

ഇന്ത്യയിലെ ആദ്യത്തെ പ്രാദേശിക പ്രസ്ഥാനമാണ് ദ്രാവിഡ പ്രസ്ഥാനം. ദ്രാവിഡ പ്രസ്ഥാനം പിന്നീട് ദ്രാവിഡ കഴകത്തിന്റെ രൂപീകരണത്തിനു വഴിതെളിച്ചു. ഈ. വി രാമസ്വാമി നായ്ക്കർ ആയിരിന്നു ഇതിന്റെ സ്ഥാപകൻ. ദ്രാവിഡ പ്രസ്ഥാനം ബ്രാഹ്മണ മേധാവിത്വത്തെയും, ഉത്തരേന്ത്യൻ മേധാവിത്വത്തിനും ശക്തമായി എതിർത്തു. എന്നാൽ പ്രസ്ഥാനത്തിന്റെ വളർച്ചയ്ക്കായി അവർ ബലപ്രയോഗം നടത്തിയിരുന്നില്ല. ജനാധിപത്യരീതിയിൽ ആശയ പ്രചരണം നടത്തി. പൊതുതിരഞ്ഞെടുപ്പിൽകൂടിയാണ് ദ്രാവിഡ പ്രസ്ഥാനം അധികാര ശക്തിയായി വളർന്നത്. ദക്ഷിണേന്ത്യ കേന്ദ്രീകരിച്ചായിരുന്നു ദ്രാവിഡ കഴകത്തിന്റെ പ്രവർത്തനം. എന്നാൽ ഇതിന്റെ പ്രവർത്തനം തമിഴ്നാട്ടിൽ മാത്രമായി ചുരുങ്ങി. പിന്നിട് ദ്രാവിഡ കഴകം പിളർന്ന് ദ്രാവിഡ മുന്നേറ്റ കഴകം (ഡി.എം.കെ) രൂപികരിച്ചു. ഹിന്ദി ഇന്ത്യയുടെ ഔദ്യോഗികഭാഷയാക്കുന്നതിനെതിരെ ഡി.എം.കെ സമരം ചെയ്തു. 1965 ലെ ഹിന്ദി വിരുദ്ധ സമരത്തിന്റെ വിജയം ഡി.എം.കെയുടെ പ്രശസ്തി വർദ്ധിപ്പിച്ചു. എന്നാൽ ഡി.എം.കെയുടെ സ്ഥാപക നേതാവ് അണ്ണാദുരൈയുടെ നിര്യാണത്തോടെ ഡി.എം.കെ പിളർന്ന് ആൾ ഇന്ത്യ അണ്ണാ ഡി.എം.കെ രൂപംകൊണ്ടു. ഡി.എം.കെയും, ആൾ ഇന്ത്യ അണ്ണാ ഡി.എം.കെയും തമിഴ്നാട് രാഷ്ട്രീയത്തിലെ നിർണായക ശക്തികളായി മാറി. രണ്ടു പാർട്ടികളും ദ്രാവിഡ പൈതൃകം അവകാശപ്പെടുന്നു.

8. ദ്രാവിഡ കഴകത്തിലെ രൂപീകര രാജ്യത്തെണത്തിന് വഴിതെളിച്ച പ്രസ്ഥാനം? ദ്രാവിഡ പ്രസ്ഥാനം

9. ദ്രാവിഡ കഴകത്തിന്റെ സ്ഥാപകനാര്? ഇ. വി രാമസ്വാമി നായ്ക്കർ

10. 1925 ൽ സ്വാഭിമാന പ്രസ്ഥാനം രൂപീകരിച്ചതാര്? ഇ. വി രാമസ്വാമി നായ്ക്കർ

11. പെരിയാർ എന്ന പേരിലറിയപ്പെടുന്നതാര്? ഇ. വി രാമസ്വാമി നായ്ക്കർ

12. അകാലിദൾ രൂപീകരിച്ചതെന്ന്? 1920

13. പഞ്ചാബി സംസാരിക്കുന്നവർക്കായുള്ള സംസ്ഥാനം രൂപീകരിക്കണമെന്നാവശ്യപ്പെട്ട സംഘടന ഏത്? അകാലിദൾ

14. പഞ്ചാബ്, ഹരിയാന എന്നീ സംസ്ഥാനങ്ങൾ നിലവിൽ വന്നതെന്ന്? 1966

15. സിഖുകാർക്ക് സ്വതന്ത്ര രാഷ്ട്രം വേണമെന്നാവശ്യപ്പെട്ട പ്രസ്ഥാനംഏത്? ഖാലിസ്ഥാൻ പ്രസ്ഥാനം

16. എന്തുകൊണ്ടാണ് 1973 ലെ അനന്തപൂർ കോൺഫറൻസ് പ്രമേയം വിവാദമായത്?

പഞ്ചാബ് സംസ്ഥാനം രൂപീകരിച്ചതിനുശേഷം 1967-ലും 1977-ലും നടന്ന തിരഞ്ഞെടുപ്പിൽ അകാലികൾക്ക് മുന്നണി രൂപീകരിച്ച് അധികാരത്തിലെത്തേണ്ടതായി വന്നു. പഞ്ചാബിലെ ഹിന്ദുക്കളുടെ പിന്തുണ അകാലിദളിനു ലഭിച്ചിരുന്നില്ല. മാത്രമല്ല ഹിന്ദുക്കളോ, സിക്കുകാരോ അയ ദളിതരുടെ പിന്തുണ കോൺഗ്രസിനായിരുന്നു. ഈ സാഹചര്യത്തിലാണ് 1973-ലെ അനന്തപൂർ കോൺഫറൻസിൽ ഒരു പ്രമേയം പാസാക്കുകയും, ഈ പ്രമേയത്തിന്റെ അടിസ്ഥാനത്തിൽ പ്രാദേശിക സ്വയംഭരണാധികാരമാവശ്യപ്പെടുകയും ചെയ്തു. ഈ പ്രമേയത്തിന് വിഘടന വാദത്തിന്റെ ധ്വനിയുണ്ടായിരുന്നു. സിഖ് രാഷ്ട്ര വാദവും, സിക്ക് മേധാവിത്വവും അവർ ഉന്നയിക്കാൻ തുടങ്ങി. അകാലിദളിലെ തീവ്രവാദികളായ ചിലർ ഖാലിസ്ഥാൻ എന്ന പ്രത്യേക രാജ്യം രൂപീകരിക്കണമെന്ന ആവശ്യവും പ്രചരിപ്പിച്ചു.

17. ഓപ്പറേഷൻ ബ്ലൂ സ്റ്റാറിലേക്ക് നയിച്ച സാഹചര്യങ്ങളെക്കുറിച്ച് വിവരിക്കുക.

അകാലിദളിലെ മിതവാദികളെ ഒതുക്കി തീവ്രവാദികൾ നേതൃത്വം ഏറ്റെടുത്തതോടുകൂടി സായുധ കലാപത്തിന് തുടക്കംകുറിച്ചു. ഭിന്ദ്രൻവാലയായിരുന്നു അവരുടെ നേതാവ്. അമൃതസറിലെ പുണ്യ ക്ഷേത്രമായ സുവർണ്ണക്ഷേത്രമായിരുന്നു അവരുടെ താവളവും, ആയുധപ്പുരയും. ഇതിനെത്തുടർന്ന് 1984 ജൂണിൽ കേന്ദ്ര ഗവൺമെന്റ് 'ഓപ്പറേഷൻ ബ്ലൂ സ്റ്റാർ' എന്ന സൈനിക നടപടിയിലൂടെ തീവ്രവാദികളെ ക്ഷേത്രത്തിൽ നിന്നും തുരത്തി. എന്നാൽ പൗരാണിക ക്ഷേത്രത്തിനുണ്ടായ നാശനഷ്ടം സിഖ് ജനതയുടെ മനസ്സിൽ ആഴത്തിൽ മുറിവേൽപ്പിച്ചു. ഇത് പ്രധാനമന്ത്രിയായിരുന്ന ഇന്ദിരാഗാന്ധിയുടെ വധത്തിനു കരണവുമായി.

18. പഞ്ചാബ് കരാർ (രാജീവ് ഗാന്ധി-ലോംഗോവാൾ കരാർ) എന്നാൽ എന്ത്? എന്തെല്ലാമായിരുന്നു ഇതിലെ നിബന്ധനകൾ?

പ്രധാനമന്ത്രിയായിരുന്ന രാജീവ് ഗാന്ധിയും, അകാലികളുടെ പ്രസിഡന്റ് ഹർചന്ദ് ലോംഗോവാളും 1985 ജൂലൈയിൽ ഒരു കരാറിൽ ഒപ്പുവെച്ചു. ഇതാണ് പഞ്ചാബ് കരാർ എന്നറിയപ്പെടുന്നത്. ഈ കരാർ പഞ്ചാബിൽ സമാധാനത്തിന് വഴിയൊരുക്കി. താഴെപ്പറയുന്നവയാണ് പഞ്ചാബ് കരാറിലെ നിബന്ധനകൾ.

- ചണ്ഡീഗഡ് പഞ്ചാബിലേക്ക് മാറ്റും.
- പഞ്ചാബും, ഹരിയാനയും തമ്മിലുള്ള അതിർത്തി തർക്കം പരിഹരിക്കാൻ പ്രത്യേക കമ്മീഷനെ നിയമിക്കും.
- രവി ബിയാസ് നദികളിലെ ജലം പഞ്ചാബ്, രാജസ്ഥാൻ, ഹരിയാന എന്നീ സംസ്ഥാനങ്ങൾ പങ്കുവയ്ക്കുന്നത് ട്രിബുണലിന്റെ തീരുമാനത്തിൽ വിടും.
- ഭീകര പ്രവർത്തനങ്ങൾക്കിരയായവർക്ക് നഷ്ടപരിഹാരം നൽകും.
- പഞ്ചാബിൽ നടപ്പാക്കിയിട്ടുള്ള ആംഡ് ഫോഴ്സ് സ്പെഷ്യൽ പവേഴ്സ് ആക്ട് (AFSPA) പിൻവലിക്കും.

19. സിഖ് വിരുദ്ധ കലാപങ്ങൾക്ക് ഇന്ത്യൻ പാർലമെന്റിൽ മാപ്പ് ചോദിച്ച പ്രധാനമന്ത്രി ആര്?

മൻമോഹൻ സിംഗ് (2005)

20. വടക്കു-കിഴക്കൻ സംസ്ഥാനങ്ങളിൽ സങ്കീർണ്ണമായ ആവശ്യങ്ങൾ രൂപംകൊള്ളാനിടയായ സാഹചര്യം വിവരിക്കുക.

ഭൂമിശാസ്ത്രപരമായി ഒറ്റപ്പെട്ട് കിടക്കുന്ന വടക്കു-കിഴക്കൻ പ്രദേശത്ത് വികസനപദ്ധതികൾ കൊണ്ടു വരാൻ കഴിഞ്ഞില്ല. ഇത് ഈ പ്രദേശങ്ങളുടെ സമ്പദ് വ്യവസ്ഥയെ തകിടം മറിച്ചു. രാഷ്ട്രീയമായും ഈ പ്രദേശം ഒറ്റപ്പെട്ടു, അയൽ സംസ്ഥാനങ്ങളിൽ നിന്നും വൻതോതിലുള്ള കുടിയേറ്റം ഈ പ്രദേശത്തെ ജനസംഖ്യാനുപാതത്തിൽ കാര്യമായ അസന്തുലിതാവസ്ഥ സൃഷ്ടിച്ചു.

21. വടക്കുകിഴക്കൻ മേഖലകളിലെ രാഷ്ട്രീയത്തിൽ പ്രബലമായിട്ടുള്ള മൂന്ന് പ്രശ്നങ്ങൾ ഏതെല്ലാം?

- സ്വയം ഭരണാധികാരത്തിനുള്ള അവകാശം

- വിഘടനവാദ പ്രസ്ഥാനങ്ങൾ
- കുടിയേറ്റക്കാർക്കെതിരായ പ്രസ്ഥാനങ്ങൾ

22. വടക്കു-കിഴക്കൻ മേഖലയുടെ പുനർ ക്രമീകരണത്തെ കുറിച്ച് വിവരിക്കുക.

സ്വാതന്ത്ര്യസമയത്ത് വടക്കു-കിഴക്കൻ മേഖലയിലെ ത്രിപുര, മണിപ്പൂർ എന്നിവ ഒഴികെയുള്ള എല്ലാ പ്രദേശങ്ങളും ആസാം സംസ്ഥാനത്തിന്റെ ഭാഗമായിരുന്നു. ആസാമിൽ വിവിധ ഭാഷാ വിഭാഗങ്ങൾ ഉണ്ടായിരുന്നു. ആസാമീസ് ഭാഷ തങ്ങളിൽ അടിച്ചേൽപ്പിക്കുന്നത് അസാമികളല്ലാത്തവർ ഇഷ്ടപ്പെട്ടിരുന്നില്ല. ഇതിൽ പ്രതിഷേധിച്ച് വിവിധ ഗോത്രസമൂഹങ്ങൾ ആസാമിൽ നിന്ന് വിട്ടു പോകാൻ ആഗ്രഹിച്ചു. ഇവരെല്ലാവരും കൂടി ഒത്തുചേർന്ന് 'ഈസ്റ്റ് ഇന്ത്യ ട്രൈബൽ യൂണിയൻ' രൂപീകരിച്ചു. ഗോത്ര സമൂഹങ്ങൾക്കും മാത്രമായി ഒരു സംസ്ഥാനം അവർ ആവശ്യപ്പെട്ടു. തുടർന്ന് മേഘാലയ, മിസോറാം, അരുണാചൽ പ്രദേശ് എന്നീ മൂന്നു സംസ്ഥാനങ്ങൾ രൂപീകരിച്ചു. ത്രിപുരയും, മണിപ്പൂരും സ്വതന്ത്ര സംസ്ഥാനങ്ങൾ ആയി. അങ്ങനെ വടക്കു-കിഴക്കൻ മേഖലയുടെ പുനക്രമീകരണം 1972 ൽ പൂർത്തിയായി. എന്നിരുന്നാലും ആസാമിലെ ബോഡോകൾ, കർബികൾ ദിമാസാസുകകൾ എന്നീ സമുദായങ്ങൾ പ്രത്യേക സംസ്ഥാനങ്ങൾ ആവശ്യപ്പെട്ട് രംഗത്തെത്തി. തുടർന്ന് കർബികൾക്കും ദിമാസാസുകൾക്കും സ്വയംഭരണാവകാശ ജില്ലാ കൗൺസിലുകളും, ബോഡോകൾക്ക് സ്വയംഭരണാവകാശ കൗൺസിലും അനുവദിച്ചു കിട്ടി.

23. സപ്ത സഹോദരിമാർ എന്ന് വിശേഷിപ്പിക്കുന്ന മേഖല ഏത്? വടക്കു-കിഴക്കൻ മേഖല.

24. നാഗാലാൻഡ് സംസ്ഥാനം രൂപീകരിച്ചതെന്ന്? 1963

25. മണിപ്പൂർ, ത്രിപുര, മേഘാലയ എന്നീ സംസ്ഥാനങ്ങൾ നിലവിൽ വന്നതെന്ന്? 1972

26. മിസോറാം സംസ്ഥാന ത്തിന്റെ രൂപീകരണത്തെക്കുറിച്ച് വിവരിക്കുക.

ആസാമിലെ മിസോ ഹിൽസ് പ്രദേശത്തിന് സ്വയംഭരണാവകാശമുള്ള ജില്ലയുടെ അവകാശങ്ങൾ അനുവദിക്കപ്പെട്ടിരുന്നു. എന്നാൽ ഒരു വിഭാഗം മിസ്സോകൾ തങ്ങൾ ഒരിക്കലും ബ്രിട്ടീഷ് ഇന്ത്യയുടെ ഭാഗമായിരുന്നില്ലയെന്നും, ആയതിനാൽ ഇന്ത്യൻ യൂണിയനിൽ ചേരുന്നതിന് ബാധ്യതയില്ലയെന്നും വാധിച്ചു. 1959 ൽ മിസ്സോ ഹിൽസിൽ ക്ഷാമം രൂക്ഷമായി. ഇതിനെ നേരിടാനോ, അവരുടെ ദുരിതം ശമിപ്പിക്കാനോ ഭരണാധികാരികൾക്ക് സാധിച്ചില്ല. മാത്രമല്ല 1960 ൽ ആസാമീസ് സംസ്ഥാനത്തിന്റെ ഔദ്യോഗിക ഭാഷയായി പ്രഖ്യാപിച്ച നിയമം പാസാക്കുകയും ചെയ്തു. ഇതിനെ തുടർന്ന് മിസ്സോകൾ സ്വന്തം ആവശ്യങ്ങൾ നേടിയെടുക്കാനായി മിസോ നാഷണൽ ഫ്രണ്ട് രൂപീകരിച്ചു. ലാൽ ഡെൻഗേയായിരുന്നു ഇവരുടെ നേതാവ്. മിസോ നാഷണൽ ഫ്രണ്ട് സ്വാതന്ത്ര്യത്തിനുവേണ്ടി സായുധ കലാപം ആരംഭിക്കുകയും, ഗറില്ല യുദ്ധതന്ത്രം സ്വീകരിക്കുകയും ചെയ്തു. തുടർന്ന് ഇന്ത്യൻ പ്രധാനമന്ത്രി രാജീവ് ഗാന്ധിയും. ലാൽ ഡെൻഗെയും തമ്മിൽ സമാധാന കരാറിൽ ഒപ്പുവെച്ചു. മിസോറാമിന് പ്രത്യേക അധികാരങ്ങളോടെ പൂർണ സംസ്ഥാന പദവി അനുവദിച്ചു. ഇതോടെ വിഘടനവാദം പിൻവലിക്കാൻ മിസോ നാഷണൽ ഫ്രണ്ട് സമ്മതിച്ചു.

27. മിസോ നാഷണൽ ഫ്രണ്ട് സ്ഥാപകനാര്? ലാൽ ഡെൻഗേ

28. മിസോറാം സംസ്ഥാനം രൂപീകരിച്ചതെന്ന്? 1987.

29. മിസോറാമിന്റെ ആദ്യത്തെ മുഖ്യമന്ത്രിയാര്? ലാൽ ഡെൻഗേ

30. നാഗാലാൻഡ് സംസ്ഥാനം രൂപീകരിച്ചതെന്ന്? 1963

31. സ്വതന്ത്ര നാഗാലാൻന്റിനു വേണ്ടി രൂപീകരിച്ച പ്രസ്ഥാനത്തിന്റെ നേതാവാര്?

അൻഗാമി സഫുപിസോ

32. സാംസ്കാരികാഭിമാനത്തിന്റെയും, സാമ്പത്തികമായ പിന്നോക്കാവസ്ഥയുടെയും സങ്കലനമായിരുന്നു ആസാം പ്രസ്ഥാനം. വിശദമാക്കുക.

ആസാം പ്രസ്ഥാനം അനധികൃത കുടിയേറ്റക്കാർക്കെതിരായിരുന്നു. കുടിയേറ്റക്കാരിൽ ഭൂരിഭാഗവും ബംഗ്ലാദേശിൽ നിന്നുള്ള മുസ്ലിംകളായിരുന്നു. ഈ കുടിയേറ്റക്കാരെ പുറത്താകാത്തപക്ഷം ഇവർ ആസാമിൽ ആധിപത്യം സ്ഥാപിക്കുകയും ആസാംകാർ ന്യൂനപക്ഷമായി തീരുകയും ചെയ്യുമെന്നിവർ ഭയപ്പെട്ടു. മാത്രമല്ല എണ്ണ, തേയില, കൽക്കരി തുടങ്ങിയ പ്രകൃതി വിഭവങ്ങളെ കുടിയേറ്റക്കാർ ചൂഷണം ചെയ്യുന്നതാണ് ആസ്സാംകാരുടെ ദാരിദ്ര്യത്തിനും, തൊഴിലില്ലായ്മക്കും കാരണമെന്ന് അവർ വിശ്വസിച്ചു.

33. 1985 ലെ ആസാം ഉടമ്പടിയിലേക്ക് നയിച്ച സാഹചര്യങ്ങൾ വിവരിക്കുക.

1979 ൽ ആസാമിലെ ഒരുപറ്റം വിദ്യാർത്ഥികൾ അനധികൃത കുടിയേറ്റത്തിനെതിരെ ഒരു പ്രസ്ഥാനം രൂപീകരിച്ചു. അനധികൃത കുടിയേറ്റക്കാരുടെ ആധിപത്യത്തിനും, കുടിയേറ്റക്കാരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള വോട്ടർപട്ടികക്കുമെതിരായിരുന്നു സമരം. 1951നു ശേഷം ആസാമിൽ കുടിയേറിയവരെ പുറത്താക്കണമെന്ന് ഇവർ ആവശ്യപ്പെട്ടു. പ്രക്ഷോഭം അക്രമാസക്തമാകുകയും, നിരവധിയാളുകൾ കൊല്ലപ്പെടുകയും ചെയ്തു. ഒടുവിൽ രാജീവ് ഗാന്ധിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റ് ആസാം സ്റ്റുഡൻസ് യൂണിയൻ നേതാക്കളുമായി ചർച്ച നടത്തുകയും, 1985 ഒരു

ഉടമ്പടിയിൽ ഒപ്പുവെക്കുകയും ചെയ്തു. ബംഗ്ലാദേശ് യുദ്ധകാലത്തും അതിനു ശേഷവും ആസാമിൽ കുടിയേറിയ എല്ലാവരെയും പുറത്താക്കാൻ ഉടമ്പടിയിൽ വ്യവസ്ഥ ചെയ്തിരുന്നു. ഇതാണ് ആസാം ഉടമ്പടി.

34. സിക്കിം ഇന്ത്യൻ യൂണിയനിൽ ലയിച്ചതെങ്ങനെയെന്ന് വിവരിക്കുക.

സ്വാതന്ത്രം ലഭിക്കുമ്പോൾ സിക്കിം ഇന്ത്യയുടെ ഭാഗമോ, സ്വതന്ത്രപരമാധികാര രാജ്യമോ ആയിരുന്നില്ല. ഇന്ത്യയുടെ ഒരു സംരക്ഷിത രാജ്യമായിരുന്നു സിക്കിം. സിക്കിമിന്റെ സൈനികകാര്യത്തിന്റെയും, വിദേശ ബന്ധങ്ങളുടെയും ചുമതല ഇന്ത്യക്കായിരുന്നു. സിക്കിം രാജാവായ ചോഗ്യാൽ ആഭ്യന്തര ഭരണം നിർവഹിച്ചു. എന്നാൽ ജനങ്ങളുടെ ജനാധിപത്യ അഭിലാഷങ്ങൾ തൃപ്തിപ്പെടുത്തുവാൻ അദ്ദേഹത്തിന് സാധിച്ചില്ല. 1974 സിക്കിമിൽ ആദ്യ പൊതുതിരഞ്ഞെടുപ്പ് നടത്തി. ഈ തിരഞ്ഞെടുപ്പിൽ സിക്കിം കോൺഗ്രസ് പാർട്ടി അത്ഭുതകരമായ വിജയം നേടി. തുടർന്ന് 1975 ൽ ഇന്ത്യയുമായി സമ്പൂർണ ലയനമാവശ്യപ്പെട്ട് ഒരു പ്രമേയം സിക്കിം അസംബ്ലി പാസാക്കി. ഇന്ത്യൻ പാർലമെന്റ് ഈ ആവശ്യം അംഗീകരിക്കുകയും, സിക്കിം ഇന്ത്യയുടെ ഇരുപത്തിരണ്ടാമത് സംസ്ഥാനമായി മാറുകയും ചെയ്തു.

35. സിക്കിം നാഷണൽ കോൺഗ്രസിന്റെ സ്ഥാപകനാര്? ഖാസി ലെൻഡുപ് ഡോർജി

36. എല്ലാ പ്രാദേശിക പ്രസ്ഥാനങ്ങളും വിഘടന വാദ ആവശ്യങ്ങളിലേക്കു നയിക്കണമെന്നില്ല. ഈ അധ്യായത്തിൽ നിന്നും ഉദാഹരണങ്ങൾ നൽകി വിശദമാക്കുക.

പ്രാദേശിക അഭിലാഷങ്ങൾ ജനാധിപത്യ രാഷ്ട്രീയത്തിന്റെ ഭാഗമാണ്. വിവിധതരം അസന്തുലിതാവസ്ഥകളാണ് പ്രാദേശിക പ്രസ്ഥാനങ്ങളുടെ രൂപീകരണത്തിന് വഴിതെളിക്കുന്നത്. ആയതിനാൽ ജനാധിപത്യപരമായ കൂടിയാലോചനകളിലൂടെയായിരിക്കണം ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കേണ്ടത്. അല്ലാതെ പ്രാദേശിക പ്രശ്നങ്ങൾ മൂലമുണ്ടാകുന്ന പ്രക്ഷോഭങ്ങൾ ക്രമസമാധാന പ്രശ്നമായി കണക്കാക്കരുത്. പഞ്ചാബിലെ തീവ്രവാദം, ആസാമിലെ വിദ്യാർത്ഥി പ്രക്ഷോഭങ്ങൾ, കാശ്മീർ താഴ്വരയിലെ സായുധ കലാപം എന്നിവയെ സർക്കാർ കൈകാര്യം ചെയ്തത് ക്രമസമാധാന പ്രശ്നങ്ങൾ എന്ന നിലക്കായിരുന്നില്ല.

37. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള പ്രാദേശിക ആവശ്യങ്ങൾ നാനാത്വത്തിൽ ഏകത്വം എന്ന തത്വത്തെ ഉദാഹരിക്കുന്നു. നിങ്ങൾ ഇതിനോട് യോജിക്കുന്നുണ്ടോ? കാരണം വ്യക്തമാക്കുക.

പ്രാദേശികവാദങ്ങളെ ജനാധിപത്യപരമായ രീതിയിലാണ് ഇന്ത്യ എല്ലാകാലവും കൈകാര്യം ചെയ്തിരിക്കുന്നത്. ഇതിനെ ദേശവിരുദ്ധ പ്രസ്ഥാനമായി ഇന്ത്യ ഒരിക്കലും കണക്കാക്കിയിരുന്നില്ല. ഇന്ത്യയിലെ ഫെഡറൽ സംവിധാനം നല്ല അയവുള്ളതാണ്. മറ്റു രാജ്യങ്ങളുടെ ഭരണഘടനയെ അപേക്ഷിച്ച് എല്ലാ പ്രാദേശിക താൽപര്യങ്ങളെയും തൃപ്തിപ്പെടുത്താനും, വിഘടനവാദത്തെ നിരുത്സാഹപ്പെടുത്താനും തക്കവണ്ണമുള്ളതാണ് ഇന്ത്യൻ ഭരണഘടന. അങ്ങനെ പ്രാദേശികവാദത്തെ ജനാധിപത്യ രാഷ്ട്രീയത്തിന്റെ ഭാഗമായി അംഗീകരിക്കുന്നതിൽ ഇന്ത്യയിലെ രാഷ്ട്രീയം വിജയിച്ചിട്ടുണ്ട്. വടക്കു-കിഴക്കൻ മേഖലയിലെ ഭരണക്രമീകരണങ്ങളും, ഭരണഘടനയിലെ ആറാം പട്ടികയിൽ ചില ഗോത്ര സമൂഹങ്ങൾക്ക് സമ്പൂർണ്ണ സ്വയംഭരണാധികാരം അനുവദിച്ചിട്ടുള്ളതും ഇതിനുദാഹരണങ്ങളാണ്.

38. ഗോവയുടെ മോചനത്തെക്കുറിച്ച് വിവരിക്കുക.

ഗോവ, ദാമൻ, ദിയു എന്നീ പ്രദേശങ്ങൾ പതിനാറാം നൂറ്റാണ്ടുമുതൽ പോർച്ചുഗീസുകാരുടെ അധീനതയിലായിരുന്നു. ഇന്ത്യ സ്വതന്ത്രമായിട്ടും പോർച്ചുഗീസുകാർ ഇന്ത്യ വിടാൻ വിസമ്മതിച്ചു. തൽഫലമായി ഗോവയെ വിദേശഭരണത്തിൽ നിന്നു മോചിപ്പിക്കുന്നതിനായുള്ള ജനകീയ പ്രസ്ഥാനത്തിന് തുടക്കം കുറിച്ചു. ഗോവയെ സൈനികമായി കീഴടക്കണമെന്ന് കമ്മ്യൂണിസ്റ്റ് പാർട്ടിയും, ജനസംഘവും ആവശ്യപ്പെട്ടു. 1961 ൽ ഗോവയെ മോചിപ്പിക്കാൻ ഇന്ത്യ ഗവണ്മെന്റ് പട്ടാളത്തെ നിയോഗിച്ചു. ഗോവ, ദാമൻ, ദിയു എന്നിവ സ്വതന്ത്രമാക്കപ്പെടുകയും, ഇന്ത്യൻ യൂണിയനിൽ ലയിക്കുകയും ചെയ്തു. ഗോവയെ മോചിപ്പിച്ച സൈനിക നടപടി 'ഓപ്പറേഷൻ വിജയ്' എന്ന പേരിൽ അറിയപ്പെടുന്നു.

39. ഗോവയെ മഹാരാഷ്ട്രയിൽ ലയിപ്പിക്കണമോ, അതോ പ്രത്യേകമായി നിലനിർത്തണമോ എന്നറിയുവാനുള്ള അഭിപ്രായവോട്ടെടുപ്പ് നടത്തിയതെന്ന്? 1967

40. ഗോവയ്ക്ക് സംസ്ഥാനപദവി കിട്ടിയതെന്ന്? 1987

## PART II

## CHAPTER - 2 ഇരു ധ്രുവ വ്യവസ്ഥയുടെ അന്ത്യം

1. ബോൾഷെവിക് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സ്ഥാപകൻ ആര്? വ്ളാദ്മിർ ലനിൻ.

2. ആരായിരുന്നു ലനിൻ?

ബോൾഷെവിക് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സ്ഥാപകനായിരുന്നു ലെനിൻ. 1917-ലെ റഷ്യൻ വിപ്ലവത്തിന് നേതൃത്വം കൊടുത്തത് ഇദ്ദേഹമായിരുന്നു. വിപ്ലവാനന്തരം 1917 മുതൽ 1924 വരെ സോവിയറ്റ് യൂണിയന്റെ ഭരണത്തലവൻ ആയിരുന്നു.

3. റഷ്യൻ വിപ്ലവം (ബോൾഷെവിക് വിപ്ലവം) എന്നായിരുന്നു? 1917

4. സോവിയറ്റ് യൂണിയൻ ഉയർത്തിപ്പിടിച്ച പ്രത്യയശാസ്ത്രം ഏത്? സോഷ്യലിസം.

5. യു. എസ്. എസ്. ആർ ഇൽ എത്ര റിപ്പബ്ലിക്കുകളാണ് ഉണ്ടായിരുന്നത്? 15.

6. സോവിയറ്റ് സാമ്പത്തിക ഘടനയെ, അമേരിക്കപോലുള്ള മുതലാളിത്ത സാമ്പത്തിക ഘടനയിൽ നിന്നും വ്യത്യസ്തമാക്കുന്ന സവിശേഷതകൾ എന്തെല്ലാം?

- സോവിയറ്റ് യൂണിയൻ മുതലാളിത്ത സമ്പദ്വ്യവസ്ഥയ്ക്ക് പകരം സോഷ്യലിസ്റ്റ്സമ്പദ് വ്യവസ്ഥയാണ് സ്വീകരിച്ചത്.
- സ്വകാര്യസ്വത്ത് അവസാനിപ്പിച്ചു.
- സമ്പത്ത് വ്യവസ്ഥയെ ആസൂത്രണം ചെയ്തതും, നിയന്ത്രിച്ചതും രാഷ്ട്രമായിരുന്നു.
- എല്ലാ പൗരന്മാർക്കും സോവിയറ്റ് രാഷ്ട്രം മിനിമം ജീവിതനിലവാരം ഉറപ്പാക്കി.
- ആരോഗ്യം, വിദ്യാഭ്യാസം, ശിശുക്ഷേമം മുതലായ സുരക്ഷാ പദ്ധതികൾ തുടങ്ങി.
- അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റാൻ സർക്കാർ സഹായം നൽകി.
- ഭൂമിയും, ഉൽപാദന ആസ്തികളും രാഷ്ട്രത്തിന്റെ ഉടമസ്ഥതയിലും, നിയന്ത്രണത്തിലുമായി.

7. സോവിയറ്റ് യൂണിയന്റെ രാഷ്ട്രീയ വ്യവസ്ഥയെ കുറിച്ച് വിവരിക്കുക?

സോവിയറ്റ് വ്യവസ്ഥ ഉദ്യോഗസ്ഥ മേധാവിത്വവും, സ്വേച്ഛാധിപത്യപരവുമായിരുന്നു. ജനാധിപത്യവും, സംസാര സ്വാതന്ത്ര്യവും അനുവദിച്ചിരുന്നില്ല. സോവിയറ്റ് യൂണിയനിൽ ഏകകക്ഷി ഭരണമായിരുന്നു നിലനിന്നിരുന്നത്. കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് രാഷ്ട്രത്തിന്റെ എല്ലാ സ്ഥാപനങ്ങളുടെയും മേൽ കടുത്ത നിയന്ത്രണങ്ങൾ ഉണ്ടായിരുന്നു. 15 റിപ്പബ്ലിക്കളിൽ ഒന്നു മാത്രമായ റഷ്യ യഥാർത്ഥത്തിൽ എല്ലാ റിപ്പബ്ലിക്കുകളുടെയും മേൽ ആധിപത്യം സ്ഥാപിച്ചു.

8. സോവിയറ്റ് യൂണിയനിൽ ലെനിന്റെ പിൻഗാമി ആരായിരുന്നു? ജോസഫ് സ്റ്റാലിൻ.

9. രണ്ടാം ലോകമഹായുദ്ധത്തിൽ റഷ്യയുടെ നേതാവ് ആരായിരുന്നു? ജോസഫ് സ്റ്റാലിൻ.

10. 1930 കളിൽ സോവിയറ്റ് യൂണിയനിൽ കടുത്ത ഭീകരതയ്ക്ക് ഉത്തരവാദി ആരായിരുന്നു?

ജോസഫ് സ്റ്റാലിൻ.

11.സോവിയറ്റ് യൂണിയനിൽ ജോസഫ് സ്റ്റാലിന്റെ പിൻഗാമി ആരായിരുന്നു? നികിത ക്രൂഷ്ചേവ്.

12.സോവിയറ്റ് യൂണിയനിൽ ആധിപത്യം സ്ഥാപിച്ച രാഷ്ട്രീയകക്ഷി ഏതായിരുന്നു? കമ്മ്യൂണിസ്റ്റ് പാർട്ടി.

13. സോവിയറ്റ് യൂണിയനിൽ സ്റ്റാലിന്റെ നേതൃത്വ ശൈലിയെ തള്ളിപ്പറയും 1956 ചില പരിഷ്കരണങ്ങൾ കൊണ്ടുവരികയും ചെയ്ത നേതാവാര്? നികിത ക്രൂഷ്ചേവ്.

14. രണ്ടാം ലോകം എന്നറിയപ്പെടുന്ന കിഴക്കൻ സോഷ്യലിസ്റ്റ് രാഷ്ട്രങ്ങളെ ഒന്നിപ്പിച്ച് നിർത്തുന്നതിന് വേണ്ടി യു. എസ്. എസ്. സാറിനെ നേതൃത്വത്തിൽ രൂപം കൊടുത്ത സൈനിക സഖ്യം ഏത്? വാഴ്സ ഉടമ്പടി 1955.

15. ബർലിൻ മതിലിനെ കുറിച്ച് വിവരിക്കുക?

മുതലാളിത്ത രാജ്യത്തിനും, കമ്മ്യൂണിസ്റ്റ് ലോകത്തിനുമിടയിലുള്ള വിഭജനത്തിന്റെ പ്രതീകമായാണ് ബെർലിൻ മതിൽ. 1961-ൽ കിഴക്കൻ ബെർലിനെ, പടിഞ്ഞാറൻ ബെർലിനിൽ നിന്ന് വേർതിരിക്കാനാണിത് നിർമ്മിച്ചത്. 150 കിലോമീറ്റർ ദൈർഘ്യമാണ് ഈ മതിലിനുണ്ടായിരുന്നത്. ഒടുവിൽ 1989 നവംബർ 9 ന് ജനങ്ങൾ ഈ മതിൽ തകർത്തു. ഇത് രണ്ടു ജർമ്മനി കളുടെയും ഏകീകരണത്തെയും, കമ്മ്യൂണിസ്റ്റ് ചേരിയുടെ അന്ത്യത്തിന്റെ തുടക്കത്തെയും സൂചിപ്പിക്കുന്നു.

16.ബെർലിൻ മതിൽ തകർത്തതെന്ന്? 1989 നവംബർ 9.

17. റഷ്യയിൽ പരിഷ്കരണമാരംഭിക്കാൻ എന്തൊക്കെ കാരണങ്ങളാണ് ഗോർബച്ചേവിനെ പ്രേരിപ്പിച്ചത്.?

ഉൽപ്പാദനക്ഷമതയിലും, സാങ്കേതികവിദ്യയിലും, പശ്ചാത്തല സൗകര്യങ്ങളിലും (ഗതാഗതം, ഊർജ്ജം) സോവിയറ്റ് യൂണിയൻ പടിഞ്ഞാറൻ രാജ്യങ്ങളേക്കാൾ പിന്നിലായിരുന്നു. ജനങ്ങളുടെ രാഷ്ട്രീയ-സാമ്പത്തിക അഭിലാഷങ്ങൾ സഫലീകരിക്കുന്നതിലും സോവിയറ്റ് യൂണിയൻ വളരെ പിന്നിലായിരുന്നു. 1979 ലെ അഫ്ഗാനിസ്താനിലെ സോവിയറ്റ് അധിനിവേശവും, അമേരിക്കയുമായുള്ള ആയുധ മത്സരവും സോവിയറ്റ് സംവിധാനത്തെ കൂടുതൽ ദുർബലമാക്കി. ഓരോ വർഷവും ഭക്ഷ്യ ഇറക്കുമതി വർദ്ധിച്ചു. 1970 കളുടെ അവസാനത്തോടെ സോവിയറ്റ് സമ്പത്ത് വ്യവസ്ഥ അടിപതറി തുടങ്ങി. 1985 ൽ സോവിയറ്റ് യൂണിയനിൽ കമ്മ്യൂണിസ്റ്റ് പാർട്ടിടെ ജനറൽ സെക്രട്ടറിയായി മിഖായേൽ ഗോർബച്ചേവ് നിയമിതനായി. സോവിയറ്റ് യൂണിയനനെ പരിഷ്കരിക്കാൻ ഇദ്ദേഹം ആഗ്രഹിച്ചു പാശ്ചാത്യ ലോകത്തെ വിവരസാങ്കേതിക വിപ്ലവങ്ങൾക്കൊപ്പമെത്താൻ സോവിയറ്റ് യൂണിയന് പരിഷ്കാരങ്ങൾ അനിവാര്യമായിരുന്നു. മാത്രമല്ല, പാശ്ചാത്യ ലോകവുമായുള്ള ബന്ധം സാധാരണഗതിയിൽ കൊണ്ടുവരാനും, ജനാധിപത്യവൽക്കരണം നടപ്പിലാക്കാനുമുള്ള ശ്രമം രാഷ്ട്രീയ

സാമ്പത്തിക മേഖലയിൽ പരിഷ്കാരങ്ങൾ കൊണ്ടുവരുന്നതിന് ഗോർബച്ചേവിനെ പ്രേരിപ്പിച്ചു. ഇദ്ദേഹം കൈകൊണ്ട സാമ്പത്തിക-രാഷ്ട്രീയ പരിഷ്കരണ നടപടികൾ പെരിസ്ട്രോയിക്ക (പുനർനിർമ്മാണം), ഗ്ലാസ് നോസ്റ്റ് (തുറന്ന സമീപനം) എന്നിങ്ങനെ അറിയപ്പെടുന്നു.

18. പെരിസ്ട്രോയിക്ക (പുനർനിർമ്മാണം), ഗ്ലാസ് നോസ്റ്റ് (തുറന്ന സമീപനം) എന്നീ പരിഷ്കാരങ്ങൾ സോവിയറ്റ് യൂണിയനിൽ കൊണ്ടുവന്നതാര്? മിഖായേൽ ഗോർബച്ചേവ്.

19. സോവിയറ്റ് യൂണിയൻ ശിഥിലമാകാനുള്ള കാരണങ്ങൾ എന്ത്?

ഉൽപ്പാദന ക്ഷമതയിലും, സാങ്കേതികവിദ്യയിലും, പശ്ചാത്തല സൗകര്യങ്ങളിലും സോവിയറ്റ് യൂണിയൻ പടിഞ്ഞാറൻ രാജ്യങ്ങൾക്ക് പിന്നിലായിരുന്നു. ഓരോ വർഷവും ഭക്ഷ്യ ഇറക്കുമതി വർദ്ധിച്ചു. സോവിയറ്റ് സമ്പദ്ഘടനയുടെ ഭൂരിഭാഗം വിഭവങ്ങളും ചെലവഴിക്കപ്പെട്ടത് ആണവ, ആണാവേതരാ സൈനിക ആയുധങ്ങൾ പരിപാലിക്കുന്നതിനും, സോവിയറ്റ് സംവിധാനത്തിലുള്ള കിഴക്കൻ യൂറോപ്പിലെ ഉപഗ്രഹ രാഷ്ട്രങ്ങളുടെ വികസനത്തിനും ആണ്. അമേരിക്കയുമായുള്ള ആയുധ മത്സരങ്ങളും, 1979 ലെ അഫ്ഗാനിസ്താനിലെ സോവിയറ്റ് അധിനിവേശവും സോവിയറ്റ് സംവിധാനത്തെ കൂടുതൽ ദുർബലപ്പെടുത്തി. അതേസമയം സാധാരണ പൗരന്മാർ പാശ്ചാത്യലോകത്തെ സാമ്പത്തിക മുന്നേറ്റത്തെ കുറിച്ച് കൂടുതൽ അറിവുള്ളവരായി. കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് ജനങ്ങളോട് ഉത്തരവാദിത്വം ഉണ്ടായിരുന്നില്ല. നിശ്ചലമായ ഭരണസംവിധാനവും, വ്യാപകമായ അഴിമതിയും, സുതാര്യസമീപനം അനുവദിക്കാനുള്ള വൈമനസ്യവും, അധികാര കേന്ദ്രീകരണവും ജനങ്ങളെ സർക്കാരിൽ നിന്നകറ്റി. 1985 സോവിയറ്റ് യൂണിയനിലെ കമ്മ്യൂണിസ്റ്റ് പാർട്ടി ജനറൽ സെക്രട്ടറിയായി മിഖായേൽ ഗോർബച്ചേവ് നിയമിതനായി. പാശ്ചാത്യ ലോകത്തോട് ഒപ്പമെത്താൻ സോവിയറ്റ് യൂണിയന് പരിഷ്കാരങ്ങൾ അനിവാര്യമായിരുന്നു. പാശ്ചാത്യ ലോകവുമായുള്ള ബന്ധം സാധാരണ നിലയിലേക്ക് കൊണ്ടുവരാനും, ജനാധിപത്യവൽക്കരണം നടപ്പിലാക്കുവാനും ഗോർബച്ചേവ് നിരവധി പരിഷ്കാരങ്ങൾ നടപ്പിലാക്കി. ഇതിൽ പ്രധാനപ്പെട്ടവ ആയിരുന്നു പെരിസ്ട്രോയിക്ക (പുനർനിർമ്മാണം), ഗ്ലാസ് നോസ്റ്റ് (തുറന്ന സമീപനം). ഈ പരിഷ്കാരങ്ങളെ പാർട്ടിക്കുള്ളിലെ തന്നെ നേതാക്കന്മാർ എതിർത്തു. കമ്മ്യൂണിസ്റ്റ് പാർട്ടിയിലെ തീവ്ര വിഭാഗത്തിന് പിന്തുണയോടുകൂടി 1991 ഒരു അട്ടിമറി ശ്രമം നടന്നു. ഈ അട്ടിമറിയെ എതിർക്കുക വഴി ബോറിസ് യെൽറ്റ്സിൻ ഒരു ദേശീയ നേതാവായി ഉയർന്നു. പൊതു തിരഞ്ഞെടുപ്പിൽ വിജയിച്ച ബോറിസ് യെൽറ്റ്സിൻ അധികാരം സോവിയറ്റ് കേന്ദ്രത്തിൽ നിന്ന് റിപ്പബ്ലിക്കുകളിലേക്ക് മാറ്റാൻ തുടങ്ങുകയും ചെയ്തു. സോവിയറ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി നിരോധിക്കപ്പെട്ടു. അതേസമയം റഷ്യ, ബാൾട്ടിക് റിപ്പബ്ലിക്, ഉക്രൈൻ, ജോർജിയ തുടങ്ങിയ നിരവധി റിപ്പബ്ലിക്കുകളിൽ വളർന്നുവന്ന ദേശീയതയും, പരമാധികാരത്തിനു വേണ്ടിയുള്ള ആഗ്രഹവും, യു. എസ്. എസ്. സാറിനെ ശിഥിലീകരണത്തിന് വഴിതെളിച്ചു. 1991 ഡിസംബറിൽ ബോറിസ് യെൽറ്റ്സിന്റെ നേതൃത്വത്തിൽ റഷ്യ, യുക്രൈൻ, ബലാറസ് എന്നീ പ്രധാനപ്പെട്ട റിപ്പബ്ലിക്കുകൾ ചേർന്ന് സോവിയറ്റ് യൂണിയൻ പിരിച്ചുവിട്ടതായി പ്രഖ്യാപിച്ചു.

20. സോവിയറ്റ് യൂണിയൻ ശിഥിലമായതെന്ന്? 1991.

21. റഷ്യയിലെ ആദ്യ തിരഞ്ഞെടുക്കപ്പെട്ട പ്രസിഡന്റ് ആര്? ബോറിസ് യെൽറ്റ്സിൻ (1991).

22.1991 ൽ സോവിയറ്റ് വാഴ്ചക്കെതിരെ പ്രതിഷേധം നടത്തിയതാര്? ബോറിസ് യെൽറ്റ്സിൻ.

23. 15 റിപ്പബ്ലിക്കുകൾ ചേർന്ന സോവിയറ്റ് യൂണിയനിൽ നിന്നും സ്വാതന്ത്ര്യം പ്രഖ്യാപിച്ച ആദ്യ റിപ്പബ്ലിക് ഏത്? ലിത്വാനിയ.

24. സോവിയറ്റ് യൂണിയന്റെ ശിഥിലീകരണത്തിന്റെ പരിണിതഫലങ്ങൾ എന്തെല്ലാമായിരുന്നു?

- സോവിയറ്റ് യൂണിയൻ ശിഥിലീകരണം ശീതസമരം അവസാനിക്കുന്നതിനു കാരണമായി.
- മുതലാളിത്ത വ്യവസ്ഥയും, സോഷ്യലിസ്റ്റ് വ്യവസ്ഥയും തമ്മിലുള്ള പ്രത്യയശാസ്ത്ര തർക്കം ഇല്ലാതായി.
- അമേരിക്ക ഏകശക്തിയായി മാറുകയും, മുതലാളിത്ത സമ്പദ് വ്യവസ്ഥ മേധാവിത്വം നേടുകയും ചെയ്തു.
- രാഷ്ട്രീയപരമായി ഉദാരജനാധിപത്യം എന്ന ആശയം ശക്തിപ്രാപിച്ചു
- കിഴക്കൻ യൂറോപ്പിലെ നിരവധി രാജ്യങ്ങൾ സ്വാതന്ത്ര്യം പ്രഖ്യാപിച്ചു.
- മുതലാളിത്തവും, ജനാധിപത്യവും സോവിയറ്റാനന്തര റിപ്പബ്ലിക്കുകളുടെ അടിത്തറയായി സ്വീകരിക്കപ്പെട്ടു.
- സോവിയറ്റ് യൂണിയനിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയെ നിരോധിച്ചു.
- സ്വതന്ത്ര രാഷ്ട്രങ്ങളുടെ കോമൺവെൽത്ത് രൂപീകരിച്ചു.
- റഷ്യ സോവിയറ്റ് യൂണിയന്റെ പിൻഗാമിയായി മാറുകയും, ഐക്യരാഷ്ട്ര സഭയുടെ സുരക്ഷാ കൗൺസിലിൽ അംഗത്വം നേടുകയും ചെയ്തു.

25. എന്തായിരുന്നു ആഘാത ചികിത്സ?

കമ്മ്യൂണിസത്തിന്റെ തകർച്ചയെ തുടർന്ന് മിക്ക രാജ്യങ്ങളും ജനാധിപത്യ-സോഷ്യലിസ്റ്റ് സമ്പ്രദായത്തിൽ നിന്നും, ജനാധിപത്യ-മുതലാളിത്ത സമ്പ്രദായത്തിലേക്കുള്ള ഒരു പരിവർത്തന പ്രക്രിയയിലൂടെ കടന്നു പോവുകയുണ്ടായി. ലോകബാങ്കിന്റെയും, അന്താരാഷ്ട്ര നാണയനിധിയുടെയും സ്വാധീനത്തിൽ റഷ്യ, മധ്യകിഴക്കൻ യൂറോപ്പ്, എന്നിവിടങ്ങളിൽ

നടന്ന ഈ പരിവർത്തന മാതൃകയാണ് ആഘാത ചികിത്സ എന്നറിയപ്പെടുന്നത്. ഈ രാജ്യങ്ങൾ മുതലാളിത്ത സമ്പദ് വ്യവസ്ഥയിലേക്ക് പൂർണമായും മാറിയിരുന്നു. സ്വകാര്യവൽക്കരണവും, കോർപ്പറേറ്റ് ഉടമസ്ഥത രീതികളും വേഗത്തിൽ തന്നെ നടപ്പാക്കേണ്ടി വന്നു. കൂട്ട് കൃഷിയിടങ്ങൾ സ്വകാര്യ കൃഷിയിടങ്ങളായി മാറ്റപ്പെടുകയും, കാർഷികമേഖലയിൽ മുതലാളിത്തം വരികയും ചെയ്തു. വികസനമെന്നത് കൂടുതൽ വ്യാപാരം എന്ന് വ്യാഖ്യാനിക്കുകയും, സ്വതന്ത്ര വ്യാപാരം അനിവാര്യമാണെന്ന് കരുതുകയും ചെയ്തു. സ്വതന്ത്ര വ്യാപാര മേഖലയും, നേരിട്ടുള്ള വിദേശ നിക്ഷേപവും നടപ്പിലാക്കി. ഈ രാജ്യങ്ങൾ പാശ്ചാത്യ മാതൃക പിന്തുടരുകയും, പടിഞ്ഞാറൻ രാഷ്ട്രങ്ങൾ ഈ രാഷ്ട്രങ്ങളെ നിയന്ത്രിച്ചു തുടങ്ങി.

26. ആഘാത ചികിത്സയുടെ പരിണിതഫലങ്ങൾ എന്തെല്ലാമായിരുന്നു?

- റഷ്യയിലെ 90% വ്യവസായങ്ങളും സ്വകാര്യ വ്യക്തികൾക്കോ, കമ്പനികൾക്കോ വിൽക്കേണ്ടി വന്നു.
- രാഷ്ട്ര നിയന്ത്രിത വ്യവസായ ശ്യംഖല തകർന്നു.
- റഷ്യൻ കറൻസിയായ റൂബിളിന്റ വില ഇടിഞ്ഞു.
- കൂട്ടുകൃഷി സമ്പ്രദായങ്ങൾ ഇല്ലാതാവുകയും, ജനങ്ങളുടെ ഭക്ഷ്യസുരക്ഷ നഷ്ടമാകുകയും ചെയ്തു.
- ഭക്ഷ്യവസ്തുക്കൾ ഇറക്കുമതി ചെയ്യാൻ തുടങ്ങി.
- 1999 ലെ റഷ്യയുടെ യഥാർത്ഥ മൊത്ത ആഭ്യന്തര ഉത്പാദനം, 1989 നേക്കാൾ താഴെയായിരുന്നു
- പഴയ സാമൂഹ്യ സുരക്ഷാ സംവിധാനങ്ങൾ ഇല്ലാതായി. വലിയ വിഭാഗം ജനങ്ങളെ ദാരിദ്രത്തിലേക്ക് തള്ളിവിട്ടു.
- സോവിയറ്റാനന്ത രാജ്യങ്ങൾ പ്രത്യേകിച്ച് റഷ്യ, സമ്പന്നവും, ദാരിദ്ര്യവുമായ മേഖലകളായി വിഭജിക്കപ്പെട്ടു. ആളുകൾക്കിടയിൽ വലിയ സാമ്പത്തിക അസമത്വങ്ങൾ രൂപംകൊണ്ടു.

27. ചരിത്രത്തിലെ ഏറ്റവും വലിയ ഗ്യാരേജ് വില്പന എന്നറിയപ്പെടുന്നതെന്ത്?

1990-കളിൽ നടപ്പിലാക്കിയ ആഘാത ചികിത്സയുടെ ഫലമായി റഷ്യയിലെ 90% വ്യവസായങ്ങളും സ്വകാര്യ വ്യക്തികൾക്കോ, കമ്പനികൾക്കൊ വില്പനയ്ക്ക് വെച്ചതിനാൽ അവിടുത്തെ രാഷ്ട്ര നിയന്ത്രിത വ്യവസായ ശ്യംഖല തകർന്നു തരിപ്പണമായി. ഗവൺമെന്റ് വ്യവസായ നയങ്ങൾക്കനുസരിച്ചല്ലാതെ കമ്പോള ശക്തികളിലൂടെ പുനസംഘടന നടത്തിയതിനാൽ ഒട്ടുമിക്ക വ്യവസായങ്ങളും അപ്രത്യക്ഷമായി. ഇതിനെയാണ് ചരിത്രത്തിലെ ഏറ്റവും വലിയ ഗ്യാരേജ് വിൽപന എന്നു വിളിക്കുന്നത്. കാരണം വിലയേറിയ വ്യവസായങ്ങളുടെ മൂല്യം കുറച്ചു കാണിച്ച് കിട്ടിയ വിലയ്ക്ക് ഇവ വിറ്റഴിച്ചു.

28. ഇന്ത്യയും, സോവിയറ്റ് യൂണിയനും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് വിവരിക്കുക.

ഇന്ത്യയും സോവിയറ്റ് യൂണിയനും തമ്മിൽ ശീതയുദ്ധ കാലത്തും ദൃഢമായ ബന്ധം കാത്തുസൂക്ഷിച്ചിരുന്നു.

a. സാമ്പത്തികം- വിദേശസഹായം കിട്ടുക ബുദ്ധിമുട്ടായിരുന്ന കാലത്ത് സോവിയറ്റ് യൂണിയൻ ഇന്ത്യയുടെ പൊതുമേഖലാ കമ്പനികളെ സഹായിച്ചു വിശാഖപട്ടണം, ബൊക്കാറോ, ഭീലായി തുടങ്ങിയ സ്റ്റീൽ പ്ലാന്റ് കൾക്ക് അത് സാമ്പത്തികവും സാങ്കേതികവുമായ സഹായങ്ങൾ നൽകി. ഭാരത് ഹെവി ഇലക്ട്രിക്കൽസ് തുടങ്ങിയ സ്ഥാപനങ്ങളെ സഹായിച്ചു. വിദേശവിനിമയ കമ്മി ഉണ്ടായിരുന്നപ്പോൾ സോവിയറ്റ് യൂണിയൻ വിദേശ വ്യാപാരത്തിന് ഇന്ത്യൻ നാണയം സ്വീകരിച്ചു.

b. രാഷ്ട്രീയം- കാശ്മീർ വിഷയത്തിൽ ഇന്ത്യൻ നിലപാടിനെ യു. എന്നിൽ സോവിയറ്റ് യൂണിയൻ പിന്തുണച്ചു. പ്രധാനപ്പെട്ട സംഘർഷങ്ങളിലെല്ലാം ഇത് ഇന്ത്യയെ പിന്തുണച്ചു, പ്രത്യേകിച്ച് 1971ലെ പാകിസ്ഥാനുമായുള്ള യുദ്ധത്തിൽ. ചില നിർണായക വിഷയങ്ങളിൽ ഇന്ത്യ സോവിയറ്റ് യൂണിയന്റെ വിദേശ നയങ്ങളെ പിന്തുണച്ചിട്ടുണ്ട്.

c. സൈനികം - ഇന്ത്യയ്ക്ക് സോവിയറ്റ് യൂണിയൻ വൻതോതിൽ യുദ്ധോപകരണങ്ങൾ നൽകിയിട്ടുണ്ട്. സൈനിക ഉപകരണങ്ങളുടെ സംയുക്ത ഉൽപാദനവുമായി ബന്ധപ്പെട്ട സോവിയറ്റ് യൂണിയൻ ഇന്ത്യയുമായി നിരവധി കരാറുകളിൽ ഏർപ്പെട്ടിട്ടുണ്ട്.

d. സാംസ്കാരികം- ഇന്ത്യൻ സിനിമകളും സംസ്കാരവും സോവിയറ്റ് യൂണിയനിൽ ജനപ്രിയമാണ് ധാരാളം ഇന്ത്യൻ എഴുത്തുകാരും കലാകാരന്മാരും സോവിയറ്റ് യൂണിയൻ സന്ദർശിച്ചിട്ടുണ്ട്.

29. സ്വതന്ത്ര രാഷ്ട്രങ്ങളുടെ കോമൺവെൽത്ത് രൂപീകരണത്തെക്കുറിച്ച് വിവരിക്കുക?

1991 ഡിസംബറിൽ റഷ്യ, ബലാറസ്, ഉക്രൈൻ എന്നീ രാജ്യങ്ങൾ 1922-ലെ യു. എസ് എസ്. സാറിന് രൂപംനൽകിയ ഉടമ്പടിയിൽ നിന്ന് പിന്മാറാൻ തീരുമാനിച്ചു തുടർന്ന് സ്വതന്ത്ര രാഷ്ട്രങ്ങളുടെ കോമൺവെൽത്ത് സ്ഥാപിച്ചു. അർമേനിയ, അസർബൈജാൻ, മാൽദോവ, കസഖിസ്ഥാൻ, കിർഗിസ്ഥാൻ, തജികിസ്താൻ, തുർക്ക്മെനിസ്ഥാൻ, ഉസ്ബക്കിസ്ഥാൻ എന്നീ രാജ്യങ്ങളും ഇതിൽ അംഗങ്ങളായി. 1993 ജോർജിയയും ഇതിൽ അംഗമായി.